# വിശുദ്ധ കുര്യാക്കോസ് ഏലിയാസ് ചാവറ



*ചാവറപിതാവ് മുറിയിൽ സ്ഥാപിച്ചിരുന്നതും
മരണസമയത്ത് സന്യാസസഭയെ
സമർപ്പിച്ചതുമായ തിരുക്കുടുംബചിത്രം*

**സമർപ്പണം**
വിശുദ്ധിയിൽ നിറച്ച തിരുക്കുടുംബത്തിന്
23-11-2014

എഡിറ്റർ
**ഫാ. തോമസ് പന്തപ്ലാക്കൽ സി.എം.ഐ.**

പ്രസിദ്ധീകരണം
**ചാവറ സെൻട്രൽ സെക്രട്ടറിയറ്റ്**
ചാവറ ഹിൽസ്, കാക്കനാട്, കൊച്ചി, കേരള, ഇൻഡ്യ
2014

# ഒരു നല്ല അപ്പന്റെ ചാവരുൾ
## Oru Nalla Appante Chavarul -1868
Malayalam

Author
**St. Kuriakose Elias Chavara**

Edited by
**Fr. Thomas Panthaplackal CMI**

Published by
**Chavara Central Secretariat**
Chavara Hills, Kochi

First Published
**2014**

Printed at
**Viani Printing**, Kochi

Layout
**Printartz**, Kochi

©
**Chavara Central Secretariat**
Chavara Hills, Kakkanad, Kochi, Kerala, India

# GEORGE CARDINAL ALENCHERRY

*Major Archbishop of the Syro-Malabar Church*

Prot. No. 3022/2014 17 November 2014

ആധുനിക ലോകം കുടുംബജീവിതത്തിൽ അനുഭവിക്കുന്ന നിരവധി പ്രശ്നങ്ങളെക്കുറിച്ചും, വെല്ലുവിളിക്കുറിച്ചും പഠിച്ച് തിരുസഭയുടെ കാഴ്ചപ്പാടിലൂടെ പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനു വേണ്ടി പരിശുദ്ധപിതാവ് 2014 ഒക്ടോബറിൽ ഒരു അസാധാരണ സിനഡ് വിളിച്ചു കൂട്ടുകയും അടുത്തവർഷം ഒരു സാധാരണ സിനഡുകൂടി കൂടുതൽ വിശദമായ പഠനങ്ങൾ നടത്താൻ തീരുമാനമെടുത്തിരിക്കുകയുമാണല്ലോ. ഇത്തരുണത്തിൽ വിശുദ്ധ പദവിയിലേക്കുയർത്തപ്പെടുന്ന ചാവറയച്ചൻ ഏതാണ്ട് ഒന്നര നൂറ്റാണ്ടു മുമ്പ് നൽകിയ 'ഒരു നല്ല അപ്പന്റെ ചാവരുൾ' എന്ന കുടുംബക്രമത്തിന്റെ കാലിക പ്രസക്തി കൂടി വരികയാണ്. ഈ ചെറു ഗ്രന്ഥം സിനഡു പിതാക്കന്മാരുടെ പ്രയോഗിക പഠനത്തിന് സഹായകമാകുമെന്ന് തോന്നിയതുകൊണ്ടു ഇതിന്റെ ഇറ്റാലിയൻ, ഇംഗ്ലീഷ് ഭാഷയിലുള്ള കോപ്പികൾ അവർക്ക് നൽകുകയുണ്ടായി.

ചാവറ കുര്യാക്കോസ് ഏലിയാസ് അച്ചൻ വരുംതലമുറകളെയും ലക്ഷ്യം വെച്ചുകൊണ്ടാണ് കുടുംബക്രമം എഴുതിയത് എന്നതിനു തെളിവാണ് ഈ ചെറുഗ്രന്ഥം നാളിതുവരെ അനേകപ്രാവശ്യം പുന:പ്രകാശനം ചെയ്യേണ്ടിവന്നത്. അതുപോലെ കുടുംബങ്ങളെ കുറിച്ച് വിശകലനം ചെയ്യുവാൻ ഇന്നും ഇതിലെ നിർദ്ദേശങ്ങളാണ് കുടുംബനവീകരണ സെമിനാറുകളിലും മറ്റും ഉപയോഗിക്കുന്നത് എന്നത് ശ്രദ്ധേയമായ ഒരു വസ്തുതയാണ്.

നമ്മുടെ നാട്ടിൽ നിന്നുള്ള ഒരു പൂർവ്വപിതാവിൽ നിന്നും ലഭിക്കുന്ന സ്നേഹ സാരോപദേശം എന്ന നിലയിൽ ഇന്നിന്റെ കുടുംബനവീകരണരംഗത്ത് ഇതൊരു മാഗ്നാകാർട്ട തന്നെയാണ്. നല്ല ക്രിസ്തീയകുടുംബം ദൈവരാജ്യത്തിന് സദൃശ്യമാണ് എന്നു നിർവചിക്കുന്ന ചാവറയച്ചൻ അത് എപ്രകാരം കുടുംബങ്ങളിലൂടെ നിവർത്തിതമാക്കാം എന്ന് ഈ പുസ്തകത്തിലൂടെ വിശദീകരിച്ചു തരുന്നുണ്ട്. ഇത്ര പ്രായോഗികവും വിശദവുമായ കുടുംബരേഖ അദ്ദേഹം ഇതെഴുന്നതിനുമുമ്പ് നമ്മുടെ

സഭാചരിത്രത്തിൽ ഉണ്ടായിട്ടില്ല എന്നു തിരിച്ചറിയുമ്പോൾ സാർവ്വത്രിക സഭയിലെ കുടുംബങ്ങൾക്കു വേണ്ടി കൂടിയുള്ള ഭാരത സഭയുടെ ഒരു സംഭാവനയായി നമുക്കിതിനെ പരിഗണിക്കാം. ക്രിസ്തീയ മൂല്യങ്ങളിൽ കുടുംബങ്ങളെ കരുപ്പിടിക്കുവാൻ ഒരു നല്ല അപ്പന്റെ വാത്സല്യത്തോടും അധികാരത്തോടും കൂടി യാണ് ചാവറയച്ചൻ ഇത് എഴുതിയിരിക്കുന്നത്.

പ്രബോധന ദൗത്യ നിർവ്വാഹകരായ വൈദികരും സന്യസ്തരും ഈ പുസ്തകം നന്നായി പഠിക്കണമെന്നും എല്ലാ ഭവനങ്ങളിലും ഇതിന്റെ കോപ്പികൾ ഉണ്ടായിരിക്കണമെ ന്നും ആഗ്രഹിക്കുന്നു. ഇന്നത്തെ ആളുകൾക്ക് വായിക്കുവാൻ എളുപ്പമാകത്തക്ക വിധം എന്നാൽ ഒറിജിനൽ പതിപ്പിൽ നിന്ന് ആശയപരമായി യാതൊരു വ്യത്യാസവും വരുത്താതെ ‘ഒരു നല്ല അപ്പന്റെ ചാവരുൾ’ പുന:പ്രകാശനം ചെയ്യുന്നതിനു നേതൃത്വമെടുത്ത സി.എം.ഐ. സന്യാസ സമൂഹത്തെ അഭിനന്ദിക്കുന്നു. തിരുക്കുടുംബ ഭക്തനായിരുന്ന ചാവറയച്ചന്റെ മാദ്ധ്യസ്ഥ്യം എല്ലാ കുടുംബങ്ങളിലും ഉണ്ടായിരിക്കട്ടെ എന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു.

കാർഡിനൽ ജോർജ് ആലഞ്ചേരി
സീറോ മലബാർ സഭയുടെ മേജർ ആർച്ച് ബിഷപ്പ്

THE SYRO-MALABAR MAJOR ARCHIEPISCOPAL CURIA
Mount St. Thomas, P.B. No. 3110, P.O. Kakkanad, Kochi – 682 030, Kerala, India
Tel: (0484) 2424780, 2424768, 2426235; Fax: (0484) 2422727
E-mail: majorarchbishop@gmail.com; majorarchbishop@hotmail.com

## നന്ദിയോടെ...

1868 –ൽ വിശുദ്ധ ചാവറ പിതാവിനാൽ വിരചിതമായ 'ഒുര നല്ല അപ്പന്റെ ചാവരുൾ ' ഏതാണ്ട് ഒന്നര നൂറ്റാണ്ടു പിന്നീടുമ്പോഴും അതിന്റെ പുതുമയിലും അതു സമൂഹത്തിനു കൊടുക്കുന്ന മൂല്യങ്ങളിലും ഒരു കുറവും വരുന്നില്ല എന്നതിന്റെ തെളിവാണ്, നാളിതുവരെ അനേക പതിപ്പുകളിലൂടെ ലക്ഷക്കണക്കിന് കോപ്പികൾ ഒരു പാഠപുസ്തകം പോലെ മലയാളി കുടുംബങ്ങളിൽ എത്തിക്കുവാൻ ചാവറ പിതാവിന്റെ മക്കൾക്കു സാധിച്ചു എന്നത്. ഇപ്പോൾ അത് ഹിന്ദി, തമിഴ്, ഇംഗ്ലീഷ്, ഇറ്റാലിയൻ ഭാഷകളിലായി പ്രസിദ്ധീകൃതങ്ങളായിരിക്കുന്നു. കുടുംബജീവിതങ്ങളെ നവീകരിക്കുവാൻ, പ്രത്യേകിച്ചും ഇളം തലമുറകളിലെ കുടുംബങ്ങൾക്ക്, വിശിഷ്ടമായ ഒരു ഗൈഡിനു തുല്യമായി ഉപകരിപ്പിക്കുവാൻ ചാവരുളിനു കഴിയുന്നു എന്നത് മറ്റു ഭാഷകളിലേക്ക് വിവർത്തനം ചെയ്യുവാൻ പ്രേരണയായിരിക്കുന്നു. കുടുംബങ്ങളെക്കുറിച്ചു റോമിൽ 2014 ഒക്ടോബറിൽ നടന്ന പ്രത്യേക സിനഡിൽ ഉണ്ടായിരുന്ന എല്ലാ സിനഡു പിതാക്കന്മാർക്കും 'ഒരു നല്ല അപ്പന്റെ ചാവരുൾ' നമ്മുടെ മേജർ ആർച്ച് ബിഷപ്പ് കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി നൽകിയെന്നതും സന്തോഷകരമായ ഒരനുഭവമാണ്.

ചാവറ പിതാവിന്റെ ഒരു ലഘു ജീവചരിത്രവും നല്ല ഒരപ്പന്റെ ചാവരുളിന്റെ ഉള്ളടക്കത്തിന്റെ പ്രത്യേകതകളെക്കുറിച്ചുള്ള ചെറുവിവരണവും കൂട്ടിച്ചേർത്ത് അത്യാവശ്യം ഭാഷാശുദ്ധീകരണവും വരുത്തി നല്ല ഒരു മലയാളം പതിപ്പ് സജ്ജമാക്കിയ തോമസ് പന്തപ്ലാക്കലച്ചനെയും ഇതിനു നേതൃത്വം കൊടുത്ത ചാവറ സെൻട്രൽ സെക്രട്ടറിയേറ്റിനെയും അനുമോദിക്കുന്നു. വിശുദ്ധ ചാവറ പിതാവ് കുടുംബങ്ങളുടെ മദ്ധ്യസ്ഥനായി ലോകം മുഴുവൻ അറിയപ്പെടാനും അദ്ദേഹത്തിന്റെ സ്നേഹസന്ദേശം കുടുംബങ്ങളെ നവീകരിക്കുവാനും ഇടവരുത്തട്ടെ എന്ന് ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

ചാവറ ഹിൽസ്
23-11-2014

ഫാ. പോൾ അച്ചാണ്ടി സി.എം.ഐ.
പ്രിയോർ ജനറൽ

# ഒരു വാക്ക്

തിരുസഭയിലും ലോക സമൂഹത്തിലും ഏറ്റവും അടിസ്ഥാന ഘടകമായ കുടുംബം പ്രായോഗിക ജീവിതത്തിൽ വലിയ വെല്ലുവിളികളെ അഭിമുഖീകരിച്ചുകൊണ്ടിരിക്കുകയാണല്ലോ. ഭാര്യാഭർത്താക്കന്മാർ, മാതാപിതാക്കൾ, മക്കൾ, സഹോദരർ എന്നീ നിലകളിൽ പരസ്പരം രക്തബന്ധികളായിരിക്കുന്ന കുടുബാംഗങ്ങളുടെയിടയിൽ സ്നേഹത്തിന്റെയും ഐക്യത്തിന്റെയും പങ്കുവെക്കലിന്റെയും തലങ്ങളിൽ പുതിയ വെളിച്ചവും മാർഗ്ഗനിർദ്ദേശങ്ങളും ആവശ്യമാണ്. ഈ തിരിച്ചറിവിൽ നിന്നാണ് സാർവ്വത്രികസഭ പരിശുദ്ധ മാർപാപ്പയുടെ നേതൃത്വത്തിൽ ഒരു പ്രത്യേക സിനഡുതന്നെ വിളിച്ചുകൂട്ടി കുടുംബത്തെ കേന്ദ്രീകരിച്ച് പഠനം നടത്തി ജനങ്ങളെ ഉദ്ബോധിപ്പിക്കുവാൻ ശ്രമിക്കുന്നത്.

സഭാമക്കളെ കുടുംബജീവിതത്തിൽ കെട്ടുറപ്പുള്ളവരാക്കിത്തീർക്കുവാൻ വിശുദ്ധ ചാവറ കുര്യാക്കോസ് ഏലിയാസ് പിതാവ് 1868-ൽ നൽകിയ മാർഗരേഖയാണ് 'ഒരു നല്ല അപ്പന്റെ ചാവരുൾ' . ഇതിനോടകം ഇതിന്റെ അനേകം പതിപ്പുകളിലൂടെ ലക്ഷക്കണക്കിനു കോപ്പികൾ കുടുംബങ്ങളിൽ എത്തിയിട്ടുണ്ട്. കാലവും ഭാഷയും മാറിക്കൊണ്ടിരിക്കുന്നതിനനുസരിച്ച് ഭാഷയുടെ പ്രയോഗത്തിൽ മാറ്റം വരുത്തുക പുതിയവായനക്കാർക്ക് അനിവാര്യമായിരിക്കുന്നു. ഈ നിർദ്ദേശം പലരിലൂടെയും വരുന്നതുകൊണ്ട് ആശയങ്ങൾക്കും അവതരണതിനും വ്യത്യാസം വരുത്താതെ ഭാഷയിൽ ചിലവാക്കുകൾക്ക് മാറ്റം വരുത്തികൊണ്ട് ഈ വിശിഷ്ടമായ കുടുംബ ജീവിതക്രമം പുന: പ്രസിദ്ധികരണം ചെയ്യുവാൻ ചാവറ സെൻട്രൽ സെക്രട്ടറിയേറ്റ് പരിശ്രമിക്കുകയാണ്. ഇത്തരത്തിൽ ഭംഗിയായി എഡിറ്റു ചെയ്തു തന്ന തോമസ് പന്തപ്ലാക്കലച്ചനെ നന്ദിപൂർവ്വം അനുസ്മരിക്കുന്നു.

ഫാ.ജോർജ് താഞ്ചൻ സി.എം.ഐ.
ചാവറ സെൻട്രൽ സെക്രട്ടേറിയറ്റ്.

## ഒരു നല്ല അപ്പന്റെ ചാവരുൾ

പ്രിയപ്പെട്ടവരേ,

ഞാൻ മാംസബന്ധത്താൽ ചേന്നങ്കരിപ്പള്ളി ഇടവകയിൽ ചാവറകുര്യാക്കോസ് എന്ന ആളിന്റെ മകനാകുന്നു.എന്നാൽ സർവ്വേശ്വരൻ ഈ ലോകത്തിൽ എന്നെയും സൃഷ്ടിപ്പാൻ  തിരുമനസ്സായി. ഇപ്പോൾ ഈ തറവാട്ടിലും കാരണവന്മാരിലും എന്നെ ജനിപ്പിച്ചതിനാൽ, എന്റെ മാംസബന്ധക്കാരായ നിങ്ങൾക്കു നീതിയാലെയും സ്നേഹത്താലെയും ഉപകാരം ചെയ്യാൻ എനിക്ക് വിശേഷ കടമയുണ്ട്. ഇതിനെ പരിഗണിക്കുമ്പോൾ എല്ലാവർക്കും എന്നതുപോലെ അല്ലാതെ ഞാൻ നിങ്ങൾക്കു പ്രത്യേകമായി ഏറെ ഒന്നും ചെയ്തിട്ടില്ല. ആയതിനാൽ എല്ലാറ്റിനും ആയി എന്റെ കൈയെഴുത്താൽ ഇതിനെ ഞാൻ നിങ്ങൾക്കു തരുന്നു. ഞാൻ മരിച്ചാലും ഈ കടലാസ് മരിക്കുകയില്ല. ആകയാൽ ഇത് എന്റെ നിക്ഷേപമായി സൂക്ഷിപ്പാൻ എന്റെ മക്കളായ കൈനകരി കുരിശുപള്ളിക്കാരായ നിങ്ങളെ ഞാൻ  ഇത് ഏല്പിക്കുന്നു.

എന്റെ തറവാട്ടുകാരും കൂടെപ്പിറപ്പുകളും രണ്ടു പ്രകാരത്തിലും മക്കളുമായിരിക്കുന്ന നിങ്ങൾക്ക് ഇത് എന്റെ ദെസ്തമെന്ത് (മരണശാസനം) ആകുന്നു. ആകയാൽ നിങ്ങൾ എന്റെ അനന്തിരവർ ആകുന്നു എന്നു കാണിക്കുന്നതിനും ഇതു നിങ്ങൾക്ക് അടയാളമായിരിക്കട്ടെ.നിങ്ങൾക്കു ദൈവം ചെയ്തതും തുടർന്നു ചെയ്യുന്നതുമായ  എണ്ണമില്ലാത്ത നന്മകൾ ഇപ്പോൾ ജീവിച്ചിരിക്കുന്ന നിങ്ങളുടെ പ്രവൃത്തിയുടെയെന്നല്ലാ: നിങ്ങളുടെ ആത്മാർത്ഥയുള്ള കടന്നുപോയ കാരണവന്മാരുടെ സത്യമായ സ്നേഹത്തിന്റെയും, പ്രത്യാശയുടേതുമാകുന്നു. ഇതു നഷ്ടപ്പെടാതിരിപ്പാൻ നിങ്ങൾ സൂക്ഷിപ്പിൻ! ഞാൻ ഈ ലോകത്തിൽ വന്നു എന്ന് ഇതിനാൽ ഓർക്കുന്നതിനുവേണ്ടി ഇതിനെ സാധിക്കുന്നരൊക്കെയും പകർത്തി എഴുതി വീടുകളിൽ സൂക്ഷിപ്പിൻ.  ഇതിനെ കുരുശുപള്ളിയിലെ പെട്ടിയിൽ വയ്ക്കണം. മാസത്തിലെ ആദ്യ ശനിയാഴ്ച എല്ലാവരും കൂടി ഇതു വായിക്കുക; ഞാൻ മരിക്കുന്ന ദിവസം ഇതിനാലെ ഓർക്കുക. മറ്റൊരോർമ്മയും എന്നെക്കുറിച്ച് നിങ്ങൾ ചെയ്യേണ്ട.പിന്നയോ മാസംതോറും ഈ ദിവസം ഇത് വായിച്ചശേഷം, കർത്താവേ! നീതിമാന്മാരുടെ ഭവനത്തിൽ ഈ നിന്റെ ശുശ്രൂഷിയുടെ ആത്മാവിനെ, സ്വീകരിക്കണമെ, എന്നുമാത്രം എനിക്കുവേണ്ടി അപേക്ഷിക്കുവാൻ ഞാൻ നിങ്ങളോടപേക്ഷിക്കുന്നു.

# മുഖവുര

**നല്ല ക്രിസ്ത്യാനി കുടുംബം സ്വർഗ്ഗരാജ്യത്തിനു സാദൃശ്യമാകുന്നു. കുടുംബത്തിന്റെ ന്യായം ഇതാകുന്നു ചോരയാലും, സ്നേഹത്താലും തമ്മിൽ തമ്മിൽ ബന്ധിക്കപ്പെട്ട പല ആളുകൾ കാരണവന്മാരുടെ നേരെ ആദരവും അനുസരണവും ഉള്ളവരായി തമ്പുരാനോടും മനുഷ്യരോടും സമാധാനത്തിൽ നടക്കയും, അവരവരുടെ ജീവിതാന്തസ്സിനു തക്കതിൻവണ്ണം നിത്യരക്ഷയെ പ്രാപിക്കുന്നതിനു പ്രയത്നം ചെയ്തുകൊണ്ട് കൂട്ടമായി ജീവിക്കുകയും ചെയ്യുന്നതാകുന്നു.** ദുഃഖങ്ങളുടെ സ്ഥലമായിരിക്കുന്ന ഈ ലോകത്തിൽ ഓരോരോ ബുദ്ധിമുട്ടുകളിലും സങ്കടങ്ങളിലും ഏറ്റം മധുരോർമ്മ തരുന്ന ആശ്വാസവും സമാധാനവും എന്നത് സ്നേഹവും ക്രമവുമുള്ള ഒരു കുടുംബത്തിൽ ജീവിക്കുന്നതാകുന്നു. അപ്രകാരം തന്നെ ക്രമവും സമാധാനവും ഇല്ലാതെയും ദൈവശുശ്രൂഷയിലും നിത്യരക്ഷയിലും ഒരു ശ്രദ്ധയും ഇല്ലാതെ നടക്കുന്ന ഒരു കുടുംബത്തിൽ ജീവിക്കുന്നതു ഏറ്റം വലിയ സങ്കടമാകുന്നു. ഇപ്രകാരം ക്രമമില്ലാത്ത കുടുംബങ്ങൾ എത്രയോ സങ്കടങ്ങൾക്കും കണ്ണുനീരിനും കാരണമായിരിക്കുന്നു. ഇതു നിമിത്തം പ്രസിദ്ധിയുള്ളതും ബഹുമാനമുള്ളതും സമ്പത്തുള്ളതുമായ എത്രയോ കുടുംബങ്ങൾ നശിച്ചു പോയിരിക്കുന്നു. ഇതിൽ നിന്ന് എത്രയോ വഴക്കുകളും എത്രയോ പാപങ്ങളും എത്രയോ നാശങ്ങളും എത്രയോ മരണങ്ങളും ഉണ്ടായിരിക്കുന്നു. ഇപ്രകാരമുള്ള തിന്മകളും നാശങ്ങളും വരുന്നതിനിടവരാതിരിപ്പാൻ എനിക്കുണ്ടായിരുന്ന അതിയായ ആഗ്രഹത്തെക്കുറിച്ച് ഞാൻ ദൈവിക പ്രകാശവും ആവശ്യമായ ഉറപ്പും അപേക്ഷിച്ചുകൊണ്ട് ഈ കുടുംബക്രമം അഥവാ ചട്ടം എഴുതുയുണ്ടാക്കി. ഇതിനെ നിങ്ങളുടെ പൂർവ്വ കാരണവന്മാരുടെ വായിൽ നിന്നു പുറപ്പെട്ട ഉപദേശം പോലെ കൈക്കൊണ്ടു സൂക്ഷമമായിട്ട് അനുസരിക്കുകയും അനുസരിപ്പിക്കുകയും ചെയ്യണമെന്ന് ഞാൻ നിങ്ങളോട് അപേക്ഷിക്കുന്നു.

# കുടുംബചട്ടം

## സ്നേഹം

1-ാമത്. നിങ്ങൾ തമ്മിൽത്തമ്മിൽ ഉപവിയായിരിപ്പിൻ; സ്നേഹമായിരിപ്പിൻ. ഓരോരുത്തന്റെ കുറവുകളും, പോരായ്മകളും നിങ്ങൾ തമ്മിൽത്തമ്മിൽ ക്ഷമിപ്പിൻ. ഇപ്രകാരം ചെയ്താൽ ഈ ലോകത്തിൽ സമാധാനവും പരലോകത്തിൽ നിത്യഭാഗ്യവും നിങ്ങൾ അനുഭവിക്കും. ഒരു വീട്ടിൽ തന്നെ ജ്യേഷ്ഠാനുജന്മാരും സ്ത്രീജനങ്ങളും തമ്മിൽത്തമ്മിൽ സ്നേഹമില്ലാതെ എല്ലായ്പ്പോഴും വഴക്കും സംസാരവുമായിരിക്കുന്നത് എത്രയോ ദുഃഖകാരണമാകുന്നു. ഭിന്നിക്കപ്പെട്ട രാജ്യം നിലനില്പാൻ പാടില്ലെന്ന് നമ്മുടെ കർത്താവ് തന്നെ അരുളിചെയ്തിരിക്കുന്നു. ഇപ്രകാരം വഴക്കുള്ള തറവാട് വേഗത്തിൽ നശിച്ചുപോകും. നിങ്ങളുടെ അറ്റകുറ്റങ്ങളും കുറവുകളും നിങ്ങൾ തമ്മിൽത്തമ്മിൽ ക്ഷമിക്കുകയില്ലെങ്കിൽ പുറമേയുള്ളവർ ക്ഷമിക്കുമോ? നാളെ മറ്റുള്ളവർ നിന്റെ ഒരു കുറ്റം ക്ഷമിക്കണമെങ്കിൽ ഇന്നു മറ്റുള്ളവരുടെ അറ്റകുറ്റങ്ങൾ നീ ക്ഷമിക്കേണ്ടയോ? ഒരുപദ്രവവും ചെയ്യാത്തവരെ മാത്രം നീ സ്നേഹിച്ചാൽ അജ്ഞാനികളും പരസ്പരം അറിവും പരിചയവും ഇല്ലാത്തവരും ചെയ്യുന്നതിൽ അധികം നീ ചെയ്യുന്നു. ആദമെന്ന ആദ്യപിതാവ് നമുക്കു അവകാശമായി നൽകിയിരിക്കുന്ന പീഡകളും സങ്കടങ്ങളും കൂടാതെ നിങ്ങൾ സ്വമനസ്സാലെ വീണ്ടും ഉണ്ടാക്കണമോ! എന്നാൽ ഇതിൻവണ്ണമുള്ള വഴക്കുകൾക്കു കാരണം കൊടുക്കുന്നവർക്ക് ദുരിതം. ഒരിക്കൽ ഒരു കിഴവി ഒരു വീട്ടിൽ വഴക്കുണ്ടാക്കുവാൻ പല കാരണങ്ങളുമുണ്ടാക്കിയതിനാൽ പിശാചു കാണപ്പെട്ട് പൊന്നു നിറഞ്ഞ ഒരു സഞ്ചി അവൾക്കു കൊടുത്തുകൊണ്ട് ഞാൻ മൂന്നു വർഷക്കാലം പ്രയത്നിച്ചിട്ടു സാധിക്കാത്തത് നീ മൂന്നു ദിവസം കൊണ്ട് സാധിച്ചു. ഇതിനാൽ നീ എന്റെ ഉപദേശക ആയിരിപ്പാൻ യോഗ്യതയുള്ളവളായിരിക്കുന്നു എന്നുപറഞ്ഞ് അവളെ പിടിച്ച് നരകത്തിൽ കൊണ്ടുപോവുകയും ചെയ്തു. ഒരു തറവാട്ടിന്റെ ബഹുമാനവും, ഭാഗ്യവും, യാതൊരു വഴക്കുമില്ലാതെ എല്ലാവരോടും സമാധാനമായിരിക്കുന്നതത്രേ.ശത്രുക്കളോട് പകരം വീട്ടുവാൻ മൃഗങ്ങൾക്കുകൂടെയും ശക്തിയുണ്ട്.എന്നാൽ അവയെ സാരം വയ്ക്കാതെ പൊറുക്കുന്നതു മഹാശക്തിയും

വിവേകവും മാന്യതയുള്ള ആളിനു മാത്രം കഴിയുന്നതാകുന്നു. എങ്ങിനെയെന്നാൽ കൊൺസ്തന്തീനോസ് എന്ന മഹാചക്ര വർത്തി ഒരിക്കൽ തന്റെ രാജസമൂഹത്തോടുകൂടി നടക്കു മ്പോൾ വഴിമദ്ധ്യേ ഒരുവൻ ആ ചക്രവർത്തിയുടെ കരണത്തു അടിച്ചു. അപ്പോൾ ആ സമൂഹക്കാരെല്ലാവരും പകരം വീഴ്ച ചെയ്യാനും ആ ദുഷ്ടനെ കൊല്ലുവാനും ഉപദേശിച്ചു. ഇതിനു ആ മഹാരാജാവ് പ്രത്യുത്തരിച്ചത്. "എന്റെ ഏറ്റവും താഴ്ന്ന ഉദ്യോഗസ്ഥനു പോലും ചെയ്യാൻ കഴിയുന്നത് ഞാൻ ചെയ്യുന്ന ത് വലിയ കാര്യമോ? എന്നാൽ ഇതു ഞാൻ ക്ഷമിക്കുന്നു. ഇത് എന്റെ ഏറ്റം വലിയ ശക്തിയുടെ അടയാളമാകുന്നു".

2-ാമത്. സർക്കാർ വഴക്കുകൾ കുടുംബങ്ങളെ നശിപ്പിക്കുന്നു. എത്ര ന്യായമുള്ള സംഗതികേളക്കുറിച്ചായിരുന്നാലും സർക്കാ രിൽ പോകാതിരിക്കുകയായിരുന്നു നന്ന്, എന്ന് അവസാനം പറ യുവാൻ ഇടയാകുകയും ചെയ്യും. സർക്കാരിൽ പോയതിനെക്കു റിച്ചും ഒരിക്കലും ഒരുത്തനും ഉപകാരമെങ്കിലും സന്തോഷമെ ങ്കിലും ഉണ്ടായിട്ടില്ല.

3-ാമത്. ഞായറാഴ്ച മുതലായ കടമുള്ള ദിവസങ്ങളിൽ അടിയ ന്തിരങ്ങൾ മുതലായത് കഴിക്കുന്നതു വളരെ തിന്മകൾക്കും ആത്മനാശങ്ങൾക്കും കാരണമായ ഒരു പതിവാകുന്നു. ഇത് കർത്താവിന്റെ ദിവസമാകുന്നു. ഇത് പിശാചിന്റെ ദിവസമാക്കു ന്നതിന് കണ്ടെത്തിയ ഒരു ഉപായമാകുന്നു. ഇതുപോലെ വീട്ടിൽ വല്ലവരും മരിച്ചാൽ ശേഷമുള്ളവർ സ്വന്തം ആത്മകാര്യ ങ്ങളെ ഉപേക്ഷിച്ചു കടമുള്ള ദിവസങ്ങളിൽ പള്ളിയിൽ പോകാ തിരിക്കുന്നതും ദൈവത്താലും വിശുദ്ധ പള്ളിയാലും നിഷേധിക്കപ്പെട്ട ദുർമര്യാദയാകുന്നു.

4-ാമത്. പ്രത്യേകമുള്ള ആവശ്യങ്ങൾക്കല്ലാതെ പണം വായ്പ വാങ്ങിക്കേണ്ട; മുമ്പിൽ വാങ്ങിച്ചിട്ടുണ്ടായിരുന്നാൽ കഴിയുന്നതും വേഗം തിരിച്ചുകൊടുക്കാൻ ശ്രമിക്കുക. പരസ്നേഹത്തേക്കുറിച്ചല്ലാതെ പണം വായ്പ കൊടുക്കയും വേണ്ട. സമ്പത്തുള്ള കുടുംബം എന്നതു കടമില്ലാത്ത കുടുംബ മാകുന്നു; എന്നാൽ കാരണവന്മാർക്ക് വല്ല കുർബാനക്കടങ്ങ ളോ, ഉത്തരിപ്പു കടങ്ങളോ ഉണ്ടായിരുന്നാൽ അവയെ മഹാ

താല്പര്യത്തോടുകൂടി തീർക്കുക. ഈ സംഗതി ആപത്തുള്ള താകുന്നു. എന്തെന്നാൽ പലപ്പോഴും ഒരു കുടുംബത്തിൽ ദൈവ ശാപം വീഴുന്നത് കൊടുത്തുവിട്ടാനുള്ള കടത്താലത്രെ.

## മനോതാഴ്മ

5-ാമത്. സമ്പത്തുള്ള ഭാവവും അവസ്ഥയും കാട്ടേണ്ട. ഉള്ളഭാവം മുഴുവനും കാട്ടുന്നവൻ അവസ്ഥയിൽ കുറഞ്ഞവനാകുന്നു. ദ്രവ്യത്തിന്റെ ഭാവം കാണിക്കുന്നവൻ വേഗത്തിൽ ഭിക്ഷ തെണ്ടി നടക്കും. ഇങ്ങനെ ലോകത്തിൽ സംഭവിച്ചുവരുന്നു. ഒരിക്കൽ ദാവീദുരാജാവ് തന്റെ ശക്തിയിലും മഹിമയിലും അഹങ്കരിച്ച് തന്റെ കീഴുള്ള ആളുകളെ എണ്ണുവാൻ കല്പിച്ചു. ഇതിനാൽ ദൈവ ശിക്ഷയായി ഉടനെ പകരുന്ന വ്യാധിയുണ്ടായി (സാമുവൽ അ.24).

6-ാമത്. ഓരോരോ അടിയന്തിരങ്ങൾ കഴിക്കുന്നതിൽ സ്വന്തം സ്വത്തിനും പ്രാപ്തിക്കും തക്കവണ്ണം പതിവുള്ളതിൽ അധികം ആഘോഷവും ചിലവും ചെയ്യേണ്ട. അതെന്തെന്നാൽ എല്ലായ്പോഴും അതിൻവണ്ണം ചെയ്യാൻ കഴിവുണ്ടാകുമോ എന്നറിഞ്ഞുകൂടാ. എന്നാൽ തൽക്ഷണംകൊണ്ട് ആളിപ്പോകുന്നതും, ഒരു വലിയ വെട്ടത്തെ കാണിച്ചു ഉടൻ കെട്ടുപോകുന്നതുമായ വൈക്കോൽ തുറുവിൽ തീയേക്കാൾ നിലനിൽക്കുന്നതായ വെട്ടം കാട്ടുന്ന ഒരു ചെറിയ വിളക്കു ഏറ്റം നല്ലതാകുന്നു. ഒരു ദിവസം ദെമോക്രിറ്റസ് എന്ന കീർത്തികേട്ട ശാസ്ത്രിയോട് മനുഷ്യരിൽ ഏറ്റം മുഖ്യനായുള്ളവനാരെന്നു ചോദിച്ചതിന് ഉത്തരം പറഞ്ഞതായത് “ഏറ്റം കുറഞ്ഞഭാവം കാണിക്കുന്ന മനുഷ്യനത്രേ.” ഒരു ധനികൻ ആർഭാടമായി വിരുന്നുകൾ, കല്യാണങ്ങൾ മുതലായ ആഘോഷങ്ങൾ നടത്തിയതിനാൽ ദാരിദ്രസ്ഥിതിയിൽ ആയി ദുഃഖിച്ചിരിക്കയിൽ, ഒരു ശാസ്ത്രി അവനെ കണ്ട് പറഞ്ഞതായത്, “സഹോദരാ! നീ പകൽ വിളക്കു കത്തിക്കാതിരുന്നുവെങ്കിൽ രാവിൽ കത്തിക്കാമായിരുന്നു.”

## സംസർഗ്ഗവിശേഷം

7-ാമത്. അന്യരുടെ വീടുകളിൽ സഞ്ചരിക്കുകയും മറ്റുള്ളവരുടെ വിശേഷങ്ങൾ അന്വേഷിക്കയും വേണ്ട. എന്തുകൊണ്ടെന്നാൽ സ്വന്തം കാര്യങ്ങളെ നല്ലതിൽവണ്ണം ക്രമീകരിക്കുമെങ്കിൽ കാര്യമില്ലാത്ത കാര്യങ്ങളിൽ ഉൾപ്പെടുവാൻ നേരമുണ്ടാകുകയില്ല.

8-ാമത്. ക്രമവും ദൈവപേടിയുമില്ലത്ത തറവാടുകളോട് ബന്ധുത്വം സ്വീകരിക്കേണ്ടാ. എന്തുകൊണ്ടെന്നാൽ ഒരു കുടുംബത്തിൽ, നൻമയും സന്തോഷവും തരുന്നത് സമ്പന്നരായുള്ള ബന്ധുക്കളല്ല; പിന്നെയോ ക്രമവും ദൈവപേടിയും ഉള്ള ബന്ധുക്കളത്രേ ആകുന്നു. എത്രയോ കുടുംബങ്ങൾ സമ്പന്നരായുള്ള ബന്ധുക്കൾ കാരണം കണ്ണീർ പൊഴിക്കയും നശിക്കയും ചെയ്യുന്നു.

ഫ്രാൻസുരാജ്യത്തിൽ ഒരപ്പന് ഒരു മകൻ മാത്രമേ ഉണ്ടായിരുന്നുള്ളു. അവൻ തന്റെ മകനെക്കൊണ്ട് തന്റെ അവസ്ഥവിട്ട് വലിയ തറവാട്ടുകാരിയായ ഒരു കുബേരയുടെ മകളെ വിവാഹം കഴിപ്പിക്കാൻ ഏറിയ പ്രയത്നം ചെയ്തു. ഒടുക്കം തറവാട്ടുവക വസ്തുക്കളൊക്കെയും മകനായിട്ടെഴുതിക്കൊടുക്കണം എന്നുള്ള ഉടമ്പടിയോടുകൂടെ ആഗ്രഹംപോലെ സാധിച്ച് കല്യാണം നടത്തുകയും ചെയ്തു. കുറെനാൾ കഴിഞ്ഞപ്പോൾ മണവാളനും മണവാട്ടിയുടെ കാരണവന്മാരും ഇയാളുടെ യോഗ്യതക്കുറവിനെക്കുറിച്ച് രസക്കേടായി വീട്ടിൽ നിന്ന് അയാളെ പുറത്താക്കി. അയാൾ തെണ്ടിനടന്ന്, മകന്റെ വീട്ടിൽ വിരുന്നുകളും അടിയന്തിരങ്ങളും നടക്കമ്പോൾ വാതുക്കൽ ചെന്ന് അവിടുത്തെ ഉച്ഛിഷ്ടത്തിനുവേണ്ടി അപേക്ഷിക്കേണ്ടി വരികയും ചെയ്തു.

9-ാമത്. എല്ലാവക ആളുകളേയും നിന്റെ വീട്ടിൽ കയറ്റേണ്ട, പിന്നെയോ നല്ല മര്യാദയും ദൈവപേടിയും ഉള്ളവരെ മാത്രം കൈക്കൊള്ളുക. നീ ആരോടുകൂടി ഇടപെട്ടന്നു എന്നു പറയുക, എന്നാൽ നീ ആരാകുന്നു എന്നു ഞാൻ പറയാം, എന്നത് ഒരു പഴഞ്ചൊല്ലാണ്.

10-ാമത്. നിന്റെ വീട്ടിൽ മാന്യതയില്ലാത്ത വർത്തമാനങ്ങളും ക്രിസ്ത്യനികൾക്ക് യോജിക്കാത്ത വചനങ്ങളും മറ്റുള്ളവരുടെ പോരായ്മകളെക്കുറിച്ച് പറയാനും പിറുപിറുക്കാനും തന്നെ ചുമതലപ്പെയുത്തിയിട്ടില്ല യെന്നും, മറ്റുള്ളവരെക്കുറിച്ച് സംസാരവിഷയമാക്കേണ്ട വീടല്ലായെന്നും എല്ലാവരും അറിയാൻ തക്കവണ്ണം പെരുമാറുക. മറ്റൊരുവന്റെ ദോഷവർത്തമാനം നിന്റെ വീട്ടിൽ പറയപ്പെടുമ്പോൾ ആ ദോഷത്തിനുള്ള ശിക്ഷ നിന്റെ വീടിന്മേൽ വരികയും ചെയ്യും. ഒരാൾ തഴക്കമായി എല്ലായ്പോഴും മറ്റള്ളവരുടെ കുറ്റം പറയുകയും

ഒരോരുത്തന്റെ കുറവുകളെക്കുറിച്ച് പറയുകയും ചെയ്തിരുന്നു. അവൻ ഭ്രാന്തു പിടിച്ചു ചുറ്റിത്തിരിഞ്ഞു നടന്നുനടന്ന് തന്നത്താൻ പല്ലുകൊണ്ട് നാവ് കടിച്ചുതിന്നുകയും മുഴുവൻ ചീഞ്ഞു പുഴുക്കൾ നിറഞ്ഞു നിർഭാഗ്യനായി മരിക്കയും ചെയ്തു.

## അദ്ധ്വാനശീലം

11-ാമത്. എപ്പോഴും പുതിയ വസ്തുക്കളെ ഉണ്ടാക്കുന്നതിനെക്കാൾ ഉള്ള വസ്തുക്കളെ നന്നാക്കുവാൻ പരിശ്രമിക്കുക. കുടുംബങ്ങളുടെ സമ്പത്ത് വസ്തുക്കളുടെ പെരുപ്പമല്ല, പിന്നെയോ വസ്തുക്കളുടെ ഗുണമാകുന്നു. അദ്ധ്വാനശീലനായ ഒരു മനുഷ്യൻ കുറച്ചു വസ്തുക്കൾക്കൊണ്ടുമാത്രം സമ്പൂർണ്ണനായി കഴിഞ്ഞുവന്നു: അപ്പോൾ ചില അസൂയാലുക്കൾ, അവൻ നിധികിട്ടിയത് എടുത്തൊളിപ്പിച്ചുവച്ചിരിക്കുന്നു എന്ന് അവന്റെ പേരിൽ സർക്കാരിൽ കേസ്സുകൊടുത്തു. ഇതിനാൽ അവനുള്ള സ്വത്തുക്കളുടെ മുഴുവന്റെയും വിവരം ബോദ്ധ്യപ്പെടുത്തമെന്നു രാജാവിന്റെ കല്പനയുണ്ടായി. എന്നാൽ  എന്റെ പറമ്പാകുന്നു എന്നും അതിലെ മണ്ണ് എന്റെ നെറ്റിയിലെ വിയർപ്പുകൊണ്ട് നനയ്ക്കുന്നതിനാൽ അതു പൊന്നായി മാറുന്നു എന്നും പറഞ്ഞ് അഭിമാനത്തോടുകൂടി പിന്തിരിയുകയും ചെയ്തു.

12-ാമത്. നിന്റെ അവസ്ഥക്കു തക്കവണ്ണം വേലയെടുക്കുക. വേലയെടുക്കാതിരിക്കുന്നത് മാന്യതയുള്ള ആളുകളുടെ രീതിയല്ല; പിന്നെയോ വീടും കുടിയും സന്തതിയും ഇല്ലാത്തവരുടെ നടപ്പാകുന്നു. മടി സർവ്വദുർഗുണങ്ങളെയും മാതാവാകുന്നു; പ്രത്യേകം മദ്യപാനത്തിന്റെ കാരണവുമാകുന്നു. മദ്യപാനം ലോകത്തിന്റെ മുമ്പാകെ എത്രയും അപമാനമുള്ളതും തമ്പുരാന്റെ തിരുമുമ്പിൽ എത്രയും പാപകരവു ആകുന്നു. കാത്തോൻ എന്ന റോമാനഗരിയുടെ അധികാരി റോമായിൽ താമസിക്കാൻ ഇഷ്ടപ്പെടുന്നവർ  എല്ലാം വേലയെടുക്കുന്നവരെന്നു കാണിപ്പാൻവേണ്ടി കൈത്തഴമ്പു കാണിച്ചിരിക്കണമെന്ന കല്പന പുറപ്പെടുവിച്ചതു കൂടാതെ ധനികരും, പ്രഭുകളും അവരവരുടെ അന്തസ്സിനു തക്കവണ്ണം വേലയെടുക്കാനുപയോഗിക്കുന്ന ആയുധങ്ങൾ പിടിച്ചല്ലാതെ, പുറത്തു നടന്നുകൂടാ എന്നു ശക്തിയായി കല്പിക്കുകയും ചെയ്തു.

13-ാമത്. കച്ചവടജോലി ആത്മാവിനു മാത്രമല്ല സമ്പത്തിന്റെ നിലനില്പിനും എത്രയും ആപത്തുള്ളതാകുന്നു. മറ്റൊരു

വ്യപാരം കൊണ്ട് കഴിപ്പാൻ പാടില്ലങ്കിൽ കച്ചവടം ചെയ്യുന്നത് മുടക്കില്ല. എന്നാൽ മഹാ സൂക്ഷത്തോടും നീതിയോടുംകൂടെ ചെയ്യേണ്ടതാകുന്നു. നീതി കുറവായിട്ടുള്ള യാതൊരു കച്ചവട ക്കാരനും ഒരിക്കലും ഒരേ നിലയിൽ ശോഭിച്ചിട്ടില്ല. സൂത്രം കൊണ്ടും കളവുകൊണ്ടും ഉണ്ടാക്കപ്പെട്ട ദ്രവ്യം മഞ്ഞുപോലെ വേഗമലിഞ്ഞുപോകും.

രണ്ടു കച്ചവടക്കാർ ഉണ്ടായിരുന്നു. ഇവർ പല പല കൗശല ങ്ങളും സൂത്രങ്ങളും പ്രയോഗിച്ചിട്ടും കച്ചവടം ഒന്നിനൊന്നു മോശമായി സമ്പത്ത് വർദ്ധിക്കാതിരുന്നു. ഒരു ദിവസം രണ്ടു പേരും പാപസങ്കീർത്തനം കഴിപ്പാൻ ചെന്നു; ഈ കാര്യം കുമ്പ സാരക്കാരനെ ബോധിപ്പിച്ചു. വൈദികൻ ഇനി നിങ്ങൾ ഒരു സൂത്രവും ചെയ്യേണ്ട, ഒരു നുണയും പറയേണ്ട എന്നു ഗുണദേ ഷിച്ചു. ആയതിൻവണ്ണം ചെയ്തപ്പോൾ അവർ ഒരു വർഷം കൊണ്ട് ദൈവസഹായത്താൽ മഹാസമ്പന്നന്മാരായിത്തീരു കയും ചെയ്തു. അന്യർക്കു വല്ല ഉപകാരം ചെയ്യാത്ത ദിവസം നിന്റെ ആയുസ്സിന്റെ ദിവസങ്ങളുടെ കണക്കിൽ കൂട്ടുന്നതല്ല. ശേഷംപേർ നിന്നെ ഭയപ്പെടണം എന്നതിനെക്കാൾ നിന്നെ സ്നേഹിക്കണം എന്നു ആഗ്രഹിക്കുക. ഭിക്ഷക്കാർ വെറും കൈയോടുകൂടി നിന്റെ വീട്ടിൽനിന്നു പോകുവാൻ നീ സമ്മതി ക്കേണ്ട. കഴിവുള്ളതിനനുസരിച്ച് അല്പമെങ്കിലും ദാനധർമ്മം കൊടുക്കാതെ ഇരിക്കേണ്ടാ.

## പരോപകാരശീലം

14-ാമത്. മനുഷ്യർ പരസ്പരം ഉപകാരം ചെയ്യുന്നത് സ്രഷ്ടാവി നാൽ കല്പിക്കപ്പെട്ട ഒരു പ്രമാണമാകുന്നു എന്ന് ബോധിച്ച് ഒരു മനുഷ്യൻ ദിവസന്തോറും ഒരുത്തനെങ്കിലും ഉപകാരം ചെയ്തുകൊണ്ടുവന്നു. ഒരു ദിവസം അവൻ അത്താഴത്തിനിരു ന്നപ്പോൾ അന്നു ഒരുത്തർക്കും ഉപകാരം ചെയ്തില്ലെന്ന് ഓർത്തു എഴുന്നേറ്റു ആയത് കഴിച്ചതിൽപ്പിന്നെ മാത്രമേ അത്താഴം കഴിച്ചൊള്ളു.

15-ാമത്. അതിധാരാളിത്വവും ലുബ്ധും രണ്ടും തിന്മയാകുന്നു. ലുബ്ധന്റെ വസ്തുക്കൾ പുഴു തിന്നും. ധാരാളിയുടെ സന്തോ ഷം പുകപോലെ കടന്നുപോകും. ഒരു ദിക്കിൽ ഒരു മനുഷ്യനു ണ്ടായിരുന്നു. ഈ ആൾ തന്റെ ധനശേഷിപോലെയും ലുബ്ധ് വിചാരിക്കാതെയും വീട്ടുചെലവു കഴിക്കുകയും ദാനധർമ്മം കൊടുക്കുകയും ചെയ്തുവന്നു. കാലക്രമം കൊണ്ട് സമ്പത്ത്

വർദ്ധിക്കയിൽ ധർമ്മം മുടക്കി പണം കൂട്ടുവാൻ  തുടങ്ങി. ഇങ്ങനെയിരിക്കെ ഈയാളിന്റെ കാലിന്മേൽ ഒരു വ്രണമുണ്ടായി ദുർഗന്ധമുണ്ടായപ്പോൾ പല വൈദ്യന്മാരെ വരുത്തി; ചികിത്സക്കായി വളരെ പണം ചിലവഴിച്ചു.  അപ്പോൾ ഒരു മാലാഖ അവനു കാണപ്പെട്ടു പറഞ്ഞതായത് : ധർമ്മം ചെയ്യാതെ പണം സ്വരുകൂട്ടുന്നവർക്ക് ഇങ്ങനെ പണം ചിലവഴിപ്പാൻ ഇടവരുമെന്നു നീ അറിഞ്ഞുകൊള്ളണം.

16-ാമത്. നിനക്ക് സ്നേഹിതന്മാർ അധികം വേണ്ട; പിന്നയോ ആയിരം പേരിൽനിന്നു സൂക്ഷിച്ചു ഒരുത്തനെ തിരഞ്ഞെടുക്കുക. തമ്പുരാനെ സ്നേഹിക്കാത്തവൻ സത്യമായി നിന്നെയും സ്നേഹിക്കയില്ല.  ദാവീദും, യോനാഥാനും തമ്മിൽ സ്നേഹിച്ചിരുന്നു.അവർ ഒരു മനസ്സുള്ളവരായി തമ്മിൽത്തമ്മിൽ സത്യമായി സ്നേഹിച്ചു. ഒടുക്കംവരേയും  അവർ തമ്മിൽ യഥാർത്ഥമായി സ്നേഹിക്കുകയും സഹായിക്കയും ചെയ്തു. അവരുടെ ഈ സ്നേഹം അല്പകാരണങ്ങളാൽ കുറഞ്ഞുപോകാതെ ആപത്തുകളിലും ആവശ്യങ്ങളിലും  വർദ്ധിച്ചുവരികയും ചെയ്തു.

## നീതിതല്പരത

17-ാമത്. കട്ട വസ്തു ഒരു നാഴികനേരത്തേക്കെങ്കിലും  നിന്റെ വീട്ടിൽ വച്ചു സൂക്ഷിക്കാൻ നീ സമ്മതിക്കേണ്ടാ.  കട്ട വസ്തു ഇരിക്കുന്ന വീട് കത്തിപ്പോകുമെന്ന് റൂഹാദക്കുദിശാ തമ്പുരാൻ അരുളിചെയ്തിരിക്കുന്നു. അന്യവസ്തു കട്ടവരോടുകൂടെ നീ ഇടപെടേണ്ട. എന്തെന്നാൽ, നാളെ നിന്റെ വസ്തു കക്കുവാൻ അവർ മടിക്കയില്ലാ നിശ്ചയം ; മാത്രമല്ല, അവരുടെ പാപത്തിനും നീ പങ്കുകാരനാകും.

ഒരു ദിക്കിൽ അന്യവസ്തുക്കൾ അന്യായമായി അപഹരിച്ച് ധനികനായിത്തീർന്ന ഒരു ഗൃഹസ്ഥനുണ്ടായിരുന്നു. അവർ ദീനമായി മരിക്കാറായപ്പോൾ ഭാഗം ചെയ്‌വാൻ വേണ്ടി എന്ന പോലെ ഉടമ്പടി എഴുത്തുകാരനെ വിളിച്ചുവരുത്തി ഇപ്രകാരം എഴുതുവാൻ പറഞ്ഞു. എന്റെ ആത്മാവിനെ പിശാചിനു ഞാൻ കൊടുക്കുന്നു. ഇതു കേട്ടപ്പോൾ  മക്കൾ അപ്പാ! അപ്പാ! എന്തുപറയുന്നു. അപ്പൻ ഓർമ്മയില്ലാതെ പറയുന്നോ? എന്നുചോദിച്ചു. അപ്പോൾ ദീനക്കാരൻ ഇല്ല ഇല്ല മക്കളെ,  എനിക്ക് നല്ല ബോധമുണ്ട് ഞാൻ പറയുന്നത്  എഴുതട്ടെ. എന്റെ ആത്മാവിനെ അന്യരുടെ വസ്തുക്കളെ അപഹരിക്കാൻ  എന്നെ ഉത്സാഹിപ്പിച്ച

എന്റെ ഭാര്യയുടെ ആത്മാവിനെയും പിശാചിനു കൊടുക്കുന്നു. എന്റെ മക്കളായ നിങ്ങളുടെ ആത്മാക്കളെയും ഞാൻ പിശാചിനു ഏല്പിക്കുന്നു. എന്തെന്നാൽ ഞാൻ നിങ്ങൾക്കുവേണ്ടിയായിരുന്നു അന്യരുടെ വസ്തുക്കളെ അപഹരിച്ചത് എന്നു പറഞ്ഞു നിർഭാഗ്യനായി അന്ത്യശ്വാസം വിടുകയും ചെയ്തു.

18-ാമത്. വേലക്കാർക്ക് ന്യായമുള്ള കൂലി കൊടുക്കാതിരിക്കുകയോ താമസിപ്പിക്കുകയോ ചെയ്യരുത്. എന്തെന്നാൽ ഇത് ദൈവത്തിന്റെ നിലവിളിക്കുന്ന പാപം ആകുന്നു. പാവപ്പെട്ടവരെ നിന്ദിക്കേണ്ടാ; അവരെ ബുദ്ധിമുട്ടിക്കുകയും വേണ്ട; എന്തെന്നാൽ ദൈവം അവരുടെ കണ്ണുനീർ കണ്ടാൽ, നിശ്ചയമായി നിന്നോട് പകരം ചോദിക്കും.

ലുവൈൻ എന്ന നഗരത്തിൽ സംഭവിച്ച ഒരു വാർത്തമാനമായത് ഈ നഗരിയിൽ ഒരു ഗൃഹസ്ഥൻ ഉണ്ടായിരുന്നു. ഈ ആളുടെ വകയായ ഒരു പുരയിൽ ദരിദ്രയായ ഒരു വിധവയും അവളുടെ മൂന്നുനാലു കുഞ്ഞുങ്ങളും താമസിച്ചിരുന്നു. ഇയാൾ പലപ്രകാരത്തിൽ അവരെ നിന്ദിക്കുകയും സങ്കടപ്പെടുത്തുകയും ചെയ്തുവരികയിൽ, ഒരു ദിവസം ഈ സ്ത്രീ സങ്കടത്തെപ്രതി മുട്ടുകുത്തി, കർത്താവേ ഈ സങ്കടത്തിൽ നിന്നും അന്യായത്തിൽനിന്നും എന്നെ രക്ഷിക്കണമേ എന്ന് അപേക്ഷിച്ചു. തൽക്ഷണം ആ ധനവാൻ നിന്ന നിലയിൽ സ്തംഭിച്ചുവീണു മരിച്ചുക്കുകയും ചെയ്തു.

## ദൈവപേടി, സാക്ഷാൽ സമ്പത്ത്

ഒരു കുടുംബത്തിന്റെ പ്രധാന സമ്പത്ത് ദൈവപേടിയും ഭക്തിയും തന്നെ. ദൈവപേടിയുള്ള തറവാട് ഈ ലോകത്തിലും പരലോകത്തിലും ദൈവാനുഗ്രഹത്തിന്റെ ഫലം അനുഭവിക്കുകയും ചെയ്യും. ദൂഷണങ്ങളും ദുർവാക്കുകളും കാർമേഘം പോലെ നല്ലകുടുംബത്തിന്റെ വെളിച്ചത്തെ ഉരുട്ടാക്കുകയും ചെയ്യും. കഴിയുന്നതായാൽ ദിവസംതോറും കുർബ്ബാന കാണുക. എന്നാൽ ഇതു പ്രയാസമെങ്കിൽ തിങ്കളാഴ്ച മരിച്ച ആത്മാക്കൾക്കുവേണ്ടിയും വെള്ളിയാഴ്ച പീഡാനുഭവത്തിന്റെ ഭക്തിക്കായും ശനിയാഴ്ച ദൈവമാതാവിന്റെ വ്യാകുലത്തിന്റെ ഭക്തിക്കായും കുർബ്ബാന കാണുക. എന്നാൽ ഒരു വീട്ടിൽ നിന്ന് എല്ലാവരും പോയി കുർബ്ബാന കാണ്മാൻ കഴിയാത്തപക്ഷം ഓരോ ദിവസവും ഒന്നോ രണ്ടോ ആളുകളെങ്കിലും മാറിമാറിപ്പോയി കുർബ്ബാന കാണേണ്ടതാ

കുന്നു. മാസത്തിൽ ഒരു പ്രാവശ്യമെങ്കിലും പാപസങ്കീർത്തനം ചെയ്ത് വിശുദ്ധ കുർബ്ബാന ഉൾകൊള്ളുക. പ്രധാന തിരുനാളുകളുടെ നവനാൾ ജപങ്ങളും, പ്രത്യേകം ദൈവമാതാവിന്റെ തിരുനാളുകൾക്കു മുമ്പായുള്ള അപേക്ഷകളും, ദൈവമാതാവിന്റെയും മാർ യൗസേപ്പിതാവിന്റെയും വണക്കമാസങ്ങളും പള്ളിയിൽ പോയി കഴിപ്പാൻ പാടില്ലെങ്കിൽ വീട്ടിൽ വച്ചെങ്കിലും നടത്തുക.

19-ാമത്. ഇരിപ്പിലും നടപ്പിലും കിടപ്പിലും കളിയിലും വിരക്തി അഥവാ അടക്കമെന്ന പുണ്യം മഹാസൂക്ഷത്തോടെ അനുസരിക്കുവിൻ. അടക്കമില്ലായ്മ ദൈവതിരുമുമ്പിലും ഈ ലോകത്തിലും വലിയ അപമാനമുള്ളതാകുന്നു. ആൺകുട്ടികൾ വസ്ത്രമില്ലാതെയും പെൺകുട്ടികൾ ചട്ടയിടാതെയും നടക്കുന്നതിനാലും അവർ തമ്മിൽ തമ്മിൽ ശരീരത്തെ തൊടുന്നതിനാലും ഇതിനെ കാരണവന്മാർ മുടക്കാത്തതിനാലും എത്രയോ ആത്മാക്കൾ നരകത്തിൽ വീഴുന്നുണ്ടാകുമെന്ന് വിധിദിവസത്തിൽ അറിയാം.

ഫ്രാൻസു രാജ്യത്തിൽ വിരക്തനായി ജീവിച്ചുവന്ന ഒരു പൈതൽ തന്നത്താൻ ഇരിക്കുമ്പോൾ കൂടെയും ദേഹം മുഴുവനും അത്രയുമല്ല കൈകൾകൂടെയും മറച്ചുകൊണ്ടു നടക്കുക പതിവായിരുന്നു. ഈ കുട്ടി, ഒരിക്കൽ നരകത്തിൽ ഉടുപ്പുകൂടാതെ കിടക്കേണ്ടിവരും എന്നു കേട്ടപ്പോൾ അധികമായി ഭയപ്പെട്ടു കരഞ്ഞു. അപ്പഴാ ഈ കുട്ടി അടക്കത്തെ എത്ര വിലമതിച്ചു എന്നു സൂക്ഷിപ്പിൻ.

## ക്ഷമാശീലം

20-ാമത്. എല്ലാ ഞെരുക്കങ്ങളിലും രോഗങ്ങളിലും ദൈവതിരുമനസ്സിനു നിന്നെ തന്നെ സമർപ്പിക്കുക. സന്തോഷത്തിൽ മാത്രം ക്ഷമയായിരിക്കുന്ന ആൾ ശക്തികുറഞ്ഞ ആളാകുന്നു. ഒരു ഭക്തൻ പറഞ്ഞുവന്നതായത്, ഈ ലോകത്തിൽ സർവ്വതും എന്റെ മനസ്സുപോലെ നടക്കുന്നു. എന്തെന്നാൽ ദൈവം തിരുമനസ്സാകുന്നതൊക്കെയും ഞാനും മനസ്സാകുന്നു.

അമ്പ്രോസീസ് പുണ്യവാൻ ഒരിക്കൽ ഒരുവീട്ടിൽ പ്രവേശിച്ച് അവിടെ ഒരിക്കലും ദീനവും ദുഃഖവും സങ്കടവും ഉണ്ടായിട്ടില്ലെന്നു കേട്ടപ്പോൾ പറഞ്ഞതായത് : നമുക്ക് ഈ വീട്ടിൽനിന്ന് ഉടനെ ഇറങ്ങാം. എന്തെന്നാൽ ഈ വീട്ടിൽ താമസിയാതെ

ദൈവശിക്ഷയുണ്ടാകും എന്നു പറഞ്ഞ് അതിൽ നിന്നു പുറപ്പെട്ടു. ഉടനെ ആ വീട് ഇടിഞ്ഞു പൊളിഞ്ഞു വീഴുകയും എല്ലാവരും മരിക്കുകയും ചെയ്തു. എന്തെന്നാൽ ശിക്ഷകളും, സഹനങ്ങളും ദൈവേഷ്ടം തിരിച്ചറിയാനുള്ള അടയാളമാകുന്നു.

## നല്ല പുസ്തകങ്ങൾ

21-ാമത്. ദൈവവിശ്വാസം ഇല്ലാത്തവരുടെ ശാസ്ത്രപുസ്തകങ്ങൾ അജ്ഞതയും അറിവില്ലായ്മയും പഠിപ്പിക്കുന്നതാകുന്നു. ഇപ്രകാരമുള്ള പുസ്തകങ്ങളും തെറിപ്പാട്ടുകൾ അടങ്ങിയ പുസ്തകങ്ങളും സംശയാലുക്കളുടെ പുസ്തകങ്ങളും വീട്ടിൽവച്ചു സൂക്ഷിക്കുന്നത് വൈക്കോലിൽ തീ ഒളിച്ചുവെക്കുന്നതിനു സമമാകുന്നു. ഭക്തിയെ വർദ്ധിപ്പിക്കുന്ന ജ്ഞാനപുസ്തകങ്ങളും തത്വശാസ്ത്രപുസ്തകങ്ങളും മക്കൾക്കു സമ്പാനിച്ചുവെക്കേണ്ട നിക്ഷേപങ്ങളാകുന്നു. ഇപ്രകാരമുള്ള പുസ്തകങ്ങളെ കഴിവിനനുസരിച്ച് വാങ്ങിച്ചു ശേഖരിക്കുക.
ഒരു ഭിക്ഷക്കാരൻ വായന അറിഞ്ഞുകൂടാത്തവൻ ആയിരുന്നു. എങ്കിലും യാചിച്ചു കിട്ടിയ പണം കൊണ്ട് വായിപ്പിച്ചുകേട്ട്, അതിനൊത്തവണ്ണം നടക്കുകയും പുണ്യത്തിന്റെ മാതൃക ശേഷം പേർക്ക് കാണിച്ചുകൊടുക്കുകയും ചെയ്തുവന്നു.

## കടമുള്ള ദിവസങ്ങളെ എങ്ങനെ ശുദ്ധമായി ആചരിക്കണം

22-ാമത്. കടമുള്ള ദിവസങ്ങളിൽ കുർബ്ബാന കണ്ടതുകൊണ്ടു മാത്രം തൃപ്തിപ്പെടാതെ ദിവസത്തിന്റെ വലിയ പങ്കും പ്രസംഗം കേൾക്കുക, നല്ല പുസ്തകങ്ങൾ വായിക്കുക മുതലായ സൽക്കർമ്മങ്ങളിലും രോഗികളെ പ്രത്യേകം സാധുക്കളായ ദീനക്കാരെ ചെന്നുകണ്ട് അവർക്ക് ശുശ്രൂഷ ചെയ്യുന്നതിനും ചിലവഴിക്കുക.

23-ാമത്. വേലയ്ക്കും ശുശ്രൂഷയ്ക്കും നിർത്തുന്ന ആളുകൾ പ്രത്യേകമായി ദൈവപേടിയുള്ളവരായിരിക്കണം. അവരുടെ സംഖ്യയും കഴിയുന്നതും കുറവായിരിക്കുകയും വേണം. എത്രയോ വീടുകളിൽ വേലക്കാർ മൂലമായി പിശാച്, അവന്റെ ഇഷ്ടം പോലെ കാര്യങ്ങൾ നടത്തുന്നു. എന്നാൽ യജമാനന്മാർക്ക് തങ്ങളുടെ ശുശ്രൂഷികളുടെ വ്യാപാരങ്ങൾ ശ്രദ്ധിക്കുവാനും, അവരുടെ ആത്മകാര്യങ്ങളെ നടത്തിക്കൊടുക്കുവാനും കടമയുണ്ടെന്നറിഞ്ഞുകൊള്ളണം.

### ദിനചര്യക്രമം

24-ാമത്. ഉറങ്ങാൻ കൃത്യസമയത്ത് കിടക്കുന്നതിനും രാവിലെ കൃത്യസമയത്ത് ഉണരുവാനും ശ്രദ്ധിക്കുക. ഈ ക്രമം സൂക്ഷ മായിട്ടു കാക്കുക. ആറുമണിക്കെങ്കിലും എല്ലാവരും എഴുന്നേറ്റ്, ഉടനെ ഉഷഃകാലജപം ചൊല്ലുക, പിന്നെ പാടുള്ളവരെല്ലാവരും കുർബാന കാണുക. എട്ടുമണിക്ക് കഞ്ഞികുടിക്കുക; പന്ത്രണ്ടു മണിക്ക് ഉച്ചഭക്ഷണം കഴിക്കുക; വൈകിട്ട് ത്രികാലജപം കഴി ഞ്ഞാലുടൻ കൂട്ടമായിട്ടു പ്രാർത്ഥന തുടങ്ങി അത് കഴിഞ്ഞ ശേഷം ഉടനെ അരമണിക്കൂർ ധ്യാനിക്കുക; ഇത് നല്ല പുസ്തകം വായിച്ചുകേട്ട് അതിന്മേൽ ചിന്തിച്ചുകൊണ്ട് കഴി ക്കാം. ഈ പുണ്യപ്രവൃത്തിയുടെ സമയമാകുമ്പോൾവീട്ടിൽ എപ്രകാരമുള്ള പ്രധാനികളോ ലോകമാന്യരോ ഉണ്ടായിരു ന്നാൽ തന്നെ നീ അത് നോക്കണ്ടാ, എന്തുകൊണ്ടെന്നാൽ അവർ തങ്ങളുടെ പക്കലേയ്ക്കും, ദൈവം തന്റെ പക്ക ലേയ്ക്കും നിന്നെ വിളിക്കുന്ന സമയമാണിത്. എന്നാൽ നീ ആരുടെ പക്കലേക്കു ചെല്ലുന്നുവെന്ന് ദൈവം നോക്കും. ആക യാൽ നീ ഈ പുണ്യപ്രവൃത്തിയെ ഒരു ന്യായത്താലും ഉപേക്ഷിക്കേണ്ട. മറ്റുള്ളവർക്ക് നിന്റെ പ്രവൃത്തി ഒരു സന്മാതൃ കയായിരിക്കും. എന്നാൽ അവർ ഇതിൽ നിന്നെ പരിഹസി ച്ചാൽ അത് നിനക്ക് ഭാഗ്യമായിരിക്കുകയും ചെയ്യും. എട്ടുമ ണിക്ക് അത്താഴം കഴിഞ്ഞശേഷം ആത്മശോധനയും ഉറങ്ങുന്നതിനു മുമ്പുള്ള പ്രാർത്ഥനകളും നടത്തി ഉറങ്ങുക. കുടുംബത്തലവൻ ഈ ക്രമം സൂക്ഷമായി കാക്കുന്നതിൽ ജാഗ്ര തയുള്ളവനായിരിക്കണം. വിശേഷിച്ച് ഞായറാഴ്ചതോറും മാസം ഒന്നാംതീയതി തോറും വീട്ടിലുള്ള എല്ലാവരുടെയും മുമ്പാകെ ഈ കുടുംബക്രമം വായിക്കുകയും വേണം.

## മക്കളുടെ വളർത്തൽ

1-ാമത്. മാതാപിതാക്കളെ, നിങ്ങളുടെ മക്കളെ വളർത്തുന്ന കാര്യം നിങ്ങളുടെ എത്രയും പ്രധാനപ്പെട്ട കാര്യവും കടമയും ആകുന്നു എന്നു നന്നായി അറിഞ്ഞുകൊൾക. **മക്കൾ സർവ്വേ ശ്വരൻ തമ്പുരാൻ സൂക്ഷിപ്പാനായിട്ടു നിങ്ങളുടെ കയ്യിൽ ഏല്പിച്ചിരിക്കുന്ന ഒരു നിക്ഷേപമാകുന്നു. തന്റെ തിരുചോര കൊണ്ട് ശുദ്ധീകരിക്കുന്നതിനും തന്റെ ശുശ്രൂഷികളാക്കുന്ന തിനും വിധിദിവസത്തിൽ തിരികെ ഏല്പിക്കുന്നതിനുമാ യിട്ട് ഈശോമിശിഹാ നിങ്ങളുടെ കയ്യിൽ ഏല്പിച്ചിരി ക്കുന്ന ആ ത്മാക്കൾ ഇവരാകുന്നു** എന്ന് നന്നായി അറിഞ്ഞു

കൊൾവിൻ. തങ്ങളുടെ കുറ്റം നിമിത്തം തങ്ങളുടെ മക്കളിൽ ഒന്നു നരകത്തിൽ നശിച്ചുപോകുമെങ്കിൽ, ഇത് കാരണവന്മാർ രക്ഷപ്പെടുന്നതിന് എത്രയോ തടസമായിരിക്കുന്നു! കാരണവന്മാർ തങ്ങളുടെ മക്കൾ കാരണമായിട്ട്, നരകത്തിൽ നശിച്ചുപോയാൽ മക്കൾ ചെയ്യുന്നതൊക്കെയും വിധിദിവസത്തിൽ കാരണവന്മാരോട് ചോദിക്കുമെന്നും ഒറിജനോസെന്ന മഹാശാസ്ത്രി എഴുതിയിരിക്കുന്നു.എന്നാൽ നിങ്ങളുടെ വാർദ്ധക്യത്തിൽ നിങ്ങളെ രക്ഷിക്കാനും സന്തോഷിപ്പിക്കാനും തക്ക നല്ല മക്കൾ നിങ്ങൾ ക്കുണ്ടാകണമെങ്കിൽ അവരെ ചെറുപ്രായത്തിൽ നല്ല ക്രി സ്ത്യാനികളാക്കുവിൻ. ഈ പ്രായത്തിൽ അവർ തമ്പുരാനെ സ്നേഹിക്കുകയും പേടിക്കുകയും ഇല്ലെങ്കിൽ, പിന്നെ അവർ അവരുടെ കാരണവന്മാരെയും പേടിക്കുകയും ബഹുമാനിക്കുകയും ചെയ്കയില്ല. മാതാപിതാക്കന്മാർ തങ്ങളുടെ കുഞ്ഞുങ്ങളെ കൂടെക്കൂടെ തമ്പുരാന് കാഴ്ച വയ്ക്കുകയും അവരെ ഈശോ മറിയം യൗസേപ്പിന്റെ മാധ്യസ്ഥത്തിൽ ഏല്പിക്കുകയും അവർക്കുവേണ്ടി അപേക്ഷിക്കുകയും ചെയ്യണം. അമ്മയുടെ അപേക്ഷ ഉണ്ണിയുടെ അപേക്ഷ പോലെ ദൈവം കൈക്കൊള്ളും.

2-ാമത്. അവർക്ക് അല്പം തിരിച്ചറിവ് ഉണ്ടാകുമ്പോൾ തന്നെ ഭക്തിയോടുകൂടെ ഈശോ മറിയം യൗസേപ്പെന്ന തിരുനാമങ്ങളെ ചൊല്ലുവാൻ അവരെ പഠിപ്പിക്കണം; അവരുടെ സ്വരൂപങ്ങൾ കുഞ്ഞുങ്ങളെ കാണിക്കുകയും മുത്തിക്കുകയും ചെയ്തുകൊണ്ട് അവരെ വണങ്ങുവാനും, സ്നേഹിപ്പാനും പഠിപ്പിക്കണം. അവർ സംസാരിച്ച് തുടങ്ങുമ്പോൾ ആകാശങ്ങളിലിരിക്കുന്നതും, നന്മനിറഞ്ഞ മറിയം, ത്രികാലജപം മുതലായ ചെറിയ ജപങ്ങളെ പഠിപ്പിക്കണം. ശരീരത്തിനടുത്ത ഭക്ഷണം അവർക്ക് കൊടുക്കുന്നതിനോടുകൂടെ ആത്മത്തിനടുത്ത ഭക്ഷണമായ ഇവകളെയും അവർക്ക് കൊടുക്കുന്നത് എത്രയോ നല്ലതായിരിക്കുന്നു.

3-ാമത്. കൊച്ചുകുഞ്ഞുങ്ങളെ ഉടുപ്പുകൂടാതെ വീട്ടിനകത്തുകൂടെയും നടത്തരുത്. അവർക്ക് മനസ്സിലാകുന്നില്ലാ എന്നുവച്ച് ക്രമമല്ലാത്ത വചനങ്ങളും ദൂഷണങ്ങളും അവരുടെ മുമ്പാകെ പറയരുത്. സത്യവേദനാടുകളിൽ അമ്മമാർ ഗർഭം ധരിച്ച് പ്രസവിക്കുന്നു എന്നുള്ള വിവരംപോലും കുഞ്ഞുങ്ങളെ അറിയിക്കുന്നില്ല. തമ്പുരാൻ ഉണ്ണിയെ ആകാശത്തിൽനിന്നു തന്നു എന്നത്രെ മറ്റു കുഞ്ഞുങ്ങളോട് അറിയിക്കുന്നത്.

4-ാമത്. കാരണവൻമാർ അറിഞ്ഞിരിക്കേണ്ടവ. അച്ഛനമ്മമാരുടെ മുറിയിൽ മക്കളെ കിടത്തരുത്. ആൺകുട്ടികളും പെൺകുട്ടികളും ഒരുമിച്ച് ഒരു മുറിയിൽ കിടക്കുന്നതിനും അനുവദിക്കരുത്. സ്വഭാവത്താൽ അവർക്ക് അറിവില്ലാത്തത് പിശാച് അവരെ പഠിപ്പിക്കും.

5-ാമത്. ഇളംപ്രായത്തിൽ കാരണവന്മാരുടെ കാഴ്ചയിൽനിന്ന് അകന്ന് കൂട്ടുകരോടൊപ്പം കുട്ടികൾ പുറത്ത് കളിക്കാൻ പോകാൻ അനുവദിക്കരുത്. അവരെ കാത്തുപരിപാലിക്കാത്ത ശുശ്രൂഷകരെ വിശ്വസിക്കേണ്ടാ; മിക്കപ്പോഴും കുഞ്ഞുങ്ങളെ മോശമാക്കുന്നത് ഇത്തരക്കാരാകുന്നു.

6-ാമത്. തിരിച്ചറിവ് ഉണ്ടായാലുടൻ പൈതങ്ങളെ പള്ളിക്കൂടത്തിൽ അയ്ക്കണം ഇതും പോരാ, അവർ പഠിക്കുന്നുണ്ടോ എന്നും, അവർ എങ്ങനെയുള്ള കൂട്ടുകൂടി നടക്കുന്നു എന്നും അന്വേഷിക്കണം. ഞായറാഴ്ചതോറും അവർ പഠിച്ചതിനെ പരിശോധിക്കണം.

7-ാമത്. കുട്ടികളെ സംബന്ധക്കാരുടെ വീടുകളിൽ താമസിപ്പിക്കരുത്; എന്തെന്നാൽ പലപ്പോഴും അവർ മാലാഖമാരായി പോകുകയും പിശാചുക്കളായി പിന്തിരിയുകയും ചെയ്യുന്നു.

8-ാമത്. ഏഴു വയസ്സു തികയുമ്പോൾ കുമ്പസാരിപ്പാൻ അറിയേണ്ടതൊക്കെയും അവരെ പഠിപ്പിച്ചു കുമ്പസാരിപ്പിക്കണം. പ്രത്യേകമായിട്ട് ദൈവമാതാവിന്റെ മേൽ ഭക്തിയുള്ളവരാക്കാനും അവരെ പഠിപ്പിക്കണം.

9-ാമത്. മക്കളോടു അധിക കാർക്കശ്യവും അധിക ദയയും തിന്മയാകുന്നു.അതിവാത്സല്യം അഹങ്കാരവും അധികകോപം ശിക്ഷയും ഭയവും, ആശ്രയബോധമില്ലായ്മയും ബുദ്ധി മടുപ്പും അവർക്ക് വരുത്തും. അവരെ തല്ലുന്നതിനു മുമ്പ് വിവേകമുള്ള പക്വതയോടുകൂടി അവരെ കുറ്റപ്പെടുത്തുകയും ഭക്ഷണം കുറയ്ക്കയും ചിലപ്പോൾ മുട്ടിന്മേൽ നിറുത്തുകയും ചെയ്യാം. മക്കളെ കുറ്റപ്പെടുത്തുമ്പോൾ ദൂഷണങ്ങൾ പറയുകയും മറ്റും ചെയ്യുന്നത് അവരെ നന്നാക്കുകയല്ലാ പിന്നെയോ പ്രായമാകുമ്പോൾ അവരും തങ്ങളുടെ മക്കളോടു ഇപ്രകാരം ചെയ്യാൻ പഠിപ്പിക്കയത്രെ. അമ്മ കാണിച്ചുകൊടുത്തുകൊണ്ടു അപ്പനെ ബഹുമാനിക്കാനും ആദരിക്കാനും പഠിപ്പിക്കണം. അപ്പനും അതിൻവണ്ണംതന്നെ അമ്മയെ ബഹുമാനിക്കാനും സ്നേഹിക്കാനും പഠിപ്പിക്കണം. കാരണവന്മാർ തമ്മിൽത്തമ്മിൽ ആദ

രവും സ്നേഹവും ബഹുമാനവും കാണിക്കയില്ലായെങ്കിൽ മക്കളും അവരെ ബഹുമാനിക്കുകയില്ല.

10-ാമത്. ചെറുപ്പത്തിൽ തന്നെ ലോകനടപ്പെന്നു പറഞ്ഞു കൊണ്ട് നുണയും സൂത്രങ്ങളും തട്ടിപ്പും ചതിയും അവരെ അഭ്യ സിപ്പിക്കേണ്ട. വല്ല തെറ്റും അവരിൽ കണ്ടാൽ ഉടനെ അവരെ കുറ്റപ്പെടുത്തുക, ശാസിക്കുക; സത്യത്തെയും നീതിയേയും സ്നേഹിക്കാൻ അവരെ പഠിപ്പിക്കുക.

11-ാമത്. വൈകിട്ട് കുരിശുമണിയടിക്കുമ്പോൾ മക്കളെല്ലാവരും വീട്ടിലുണ്ടായിരിക്കാനും നമസ്കാരം കഴിഞ്ഞാലുടൻ അവർ സ്തുതി ചൊല്ലി അപ്പന്റെയും അമ്മയുടെയു കൈ മുത്തുവാനും അവരെ ശീലിപ്പിക്കണം.

പന്ത്രണ്ടു വയസ്സു തികഞ്ഞാൽ ആ പ്രായം ഏറ്റം സൂക്ഷിക്കേ ണ്ടതാകയാൽ കുഞ്ഞുങ്ങളെ കാരണവന്മാർ മരണവാർഷികം, പെരുനാൾ, വിരുന്ന്, കല്യാണം മുതലായ ആഘോഷങ്ങൾക്കു പുറമേ വിടാതെ അവരെ വീട്ടിൽ താമസിപ്പിച്ച് അവരുടെ പ്രായ ത്തിനൊത്ത തൊഴിലുകൾ അഭ്യസിപ്പിക്കണം; എന്നാൽ പെൺകുട്ടികളെ പെരുനാൾ ആഘോഷത്തിനും തോഴ്മയ്ക്കും മറ്റുമായി ചമയിക്കുന്നതും അയയ്ക്കുന്നതും നരകത്തിൽനിന്നു വന്ന ഒരു സൂത്രവും ചട്ടവുമാകുന്നു.

12-ാമത്. ലോകബഹുമാനം, സമ്പത്ത്, തറവാട്ടുമഹിമ എന്നുള്ള കാരണത്താൽ പെൺമക്കളെ ചമയിച്ചു നടത്തുന്നതും, തങ്ങ ളുടെ അന്തസ്സും, പ്രാപ്തിയും കവിഞ്ഞുള്ള നിഗളത്തിനടുത്ത ഉടുപ്പും, ആഭരണങ്ങളും ഇടുവിച്ചു നടത്തുന്നതിനും എത്രയോ ആത്മാക്കളിൽ നരകത്തീ കത്തിക്കുന്നു. ഒരു പെൺകുട്ടിയുടെ ആഭരണം എത്രയും വലിയ അടക്കവും, ഭക്തിയും, മിണ്ടടക്ക വും, കണ്ണടക്കവും ആകുന്നു.

13-ാമത്. മക്കളെപ്രതി മാതാപിതാക്കൾ തമ്മിൽ ഉണ്ടാക്കുന്ന വഴക്ക് നിങ്ങളുടെ ഇടയിൽ ഉണ്ടാകരുത്. തങ്ങളുടെ മക്കളെ മറ്റൊരുത്തൻ അപമാനിച്ചു; മറ്റു കുഞ്ഞുങ്ങൽ തല്ലി; ഇങ്ങനെയു ള്ളത് കാര്യമാക്കുന്ന കാരണവന്മാരും പൈതങ്ങൾ തന്നെ.

14-ാമത്. മക്കൾക്ക് അന്തസ്സ് തിരഞ്ഞെടുക്കുന്ന പ്രായം വരു മ്പോൾ അവർക്ക് അതിൽ പൂർണ്ണ സ്വാതന്ത്ര്യം അനുവദിക്കണം. എന്തുകൊണ്ടെന്നാൽ അവരുടെ അന്തസ്സിനെ നിശ്ചയിക്കുന്നത്

ദൈവത്തിന്റെയും അതിനെ തിരഞ്ഞെടുക്കുന്നത് അവരുടെയും കാര്യമാകുന്നു, ഇതു കാരണവന്മാർക്കുള്ളതല്ല. ഇതുനിമിത്തം എത്രയോ കാരണവന്മാരും മക്കളും ഈ നേരത്ത് നരകത്തിൽ കിടന്നു നിലവിളിക്കുന്നു. ഇതിനാൽ ഈ കാര്യത്തിൽ ആൺകുട്ടിക്ക് പതിനാറ് അല്ലെങ്കിൽ പതിനെട്ടും, പെൺകുട്ടിക്ക് പതിനാല് അല്ലെങ്കിൽ പതിനാറും വയസ്സുകഴിഞ്ഞ് താമസിപ്പി ക്കയും അരുത്. എന്നാൽ വിവാഹത്തിന് അവരുടെ സമ്മതം പ്രത്യേകമായിട്ട് അറിയണം. ബന്ധുക്കളുടെ സ്വത്തിനെയും ബഹുമാനത്തേയുംകാൾ, നല്ല മര്യാദയും ശീലങ്ങളും പരിഗണിക്കുക. അല്ലെങ്കിൽ പിന്നെ മക്കൾക്കും കാരണവ ന്മാർക്കും സന്തോഷത്തിനു പകരം അതിദുഃഖം സംഭവിക്കും.

15–ാമത്. മക്കൾക്കു പ്രായപൂർത്തിയും ബുദ്ധിയും പ്രാപ്തിയും ഉണ്ടായാലും അവരുടെ മുമ്പിൽ മതിപ്പും ബലക്ഷയവും കാണി ക്കേണ്ടാ. പാടുള്ളിടത്തോളവും വീട്ടധികാരം അവരെ ഏല്പി ക്കേണ്ടാ, ഈ സംഗതിയിൽ കാരണവന്മാർക്കു എത്രയോ സങ്കടം ഭവിക്കുന്നു.

16–ാമത്. മാതാപിതാക്കൾ മരിക്കുന്നതിനു മുമ്പിൽ തന്നെ അവരെ വേറെ വീടുകളിലേക്ക് മാറ്റി താമസിപ്പിക്കുക. ബോധ ത്തിനു ബലക്ഷയം വരുന്നതിനു മുമ്പിൽ അവർക്കു വസ്തു ക്കൾ ഭാഗം ചെയ്തു കൊടുക്കുക. ഇതല്ലാഞ്ഞാൽ മരണത്തി ന്റെശേഷം അവർ തമ്മിൽ ഉണ്ടാക്കുന്ന വഴക്ക്, തർക്കം മുത ലായ പാപങ്ങൾക്കു മാതാപിതാക്കന്മാർ ഉത്തരവാദികളാകും.

അവസാനമായി മക്കളെ ! നിങ്ങൾ നിങ്ങളുടെ കാരണവന്മാരെ ബഹുമാനിക്കാനും അവരുടെ മനസ്സിനെ നൊമ്പരപ്പെടുത്താ തിരിക്കാനും ദൈവപ്രമാണത്താൽ തന്നെ എത്രയോ കടപ്പെട്ടി രിക്കുന്നു. അതിനാൽ ദൈവപ്രമാണത്തിൽ നാലാമത്തേതു ലംഘിക്കുന്നവർക്ക് പരലോകത്തിൽ തന്നെയല്ല, ഈ ലോക ത്തിൽകൂടെയും ദൈവശാപം കല്പിക്കപ്പെട്ടിരിക്കുന്നു എന്നു നല്ലവണ്ണം ഓർത്തുകൊള്ളുവിൻ.

ജപ്പാൻ എന്ന ക്രൈസ്തവരാജ്യത്തിൽ ഒരു അമ്മയ്ക്ക് മൂന്നു മക്കൾ ഉണ്ടായിരുന്നു. ഇവർ വലിയ ദാരിദ്ര്യസ്ഥിതിയിൽ ഇരു ന്നതിനാൽ തങ്ങളുടെ അമ്മയെ അർഹിക്കുന്ന രീതിയിൽ പരിര ക്ഷിക്കുന്നതിന് യാതൊരു നിവൃത്തിയുമില്ലാത്തവരായിരുന്നു. എന്നാൽ ആ രാജ്യത്തിൽ കള്ളന്മാരെ തൂക്കിക്കൊല്ലണം എന്നും, കള്ളന്മാരെ പിടിച്ചുകൊടുക്കുന്നവർക്കു വലിയ

പ്രതിഫലം കൊടുക്കണം എന്നും നിയമം വയ്ക്കപ്പെട്ടിടുണ്ടായിരുന്നു. ഇങ്ങനെയിരിക്കെ ഈ മക്കൾ അമ്മയ്ക്ക് തൃപ്തികരമായി ചിലവിനു കൊടുക്കാൻ കഴിവുണ്ടാക്കുന്നതിനുവേണ്ടി തങ്ങളിൽ ഒരുത്തൻ കള്ളനെന്നു ഭാവിക്കുകയും മറ്റിരുവരും കൂടി അവനെ സർക്കാരിൽ ഏല്പിക്കുകയും ഇങ്ങനെ പ്രതിഫലം വാങ്ങിക്കുകയും ചെയ്തു. പിന്നെ മറ്റിരുവരും കള്ളന്റെ അടുക്കൽ ചെന്ന് യാത്ര പറയുന്നതിനെയും, ധൈര്യമായി അമ്മയ്ക്കുവേണ്ടി മരണശിക്ഷ ഏല്ക്കണമെന്ന് അവനോട് ഉപദേശിക്കുന്നതിനെയും അധികാരികൾ കണ്ടപ്പോൾ ഈ കള്ളന്റെ നേരെ ഇവർക്ക് ഇത്രവലിയ ദയയുണ്ടാകുന്നതിനുള്ള കാരണമെന്തെന്നു അന്വേഷിച്ചു. അമ്മയുടെ നേരെയുള്ള സ്നേഹത്താൽ സഹോദരന്മാരായ അവരിലൊരുവൻ മരിക്കാൻ നിശ്ചയിച്ചതല്ലാതെ കള്ളനല്ലായെന്ന സത്യമറിഞ്ഞു. ഈ സംഗതി രാജാവിനെ ബോധിപ്പിച്ചപ്പോൾ അവനെ വിട്ടയച്ചതുകൂടാതെ അവരുടെ അമ്മ മരിക്കുന്നതുവരെ അവർക്ക് രാജാവ് കപ്പം കൊടുക്കാൻ കല്പിക്കുകയും ചെയ്തു. മക്കളെ, ഈ സംഭവം നിങ്ങൾ എപ്പോഴും ഓർത്തുകൊള്ളുവിൻ.

എന്ന്

കർമ്മലീത്ത ദിസ്കാൾസഡ് മൂന്നാംസഭ
മാന്നാനം മുതലായ കൊവേന്തകളുടെ പ്രിയോർ
തിരുക്കുടുംബത്തിന്റെ ആഹാ
കുര്യയാക്കോസ് ഏലിയാസ്

1868–ാം കാലം
കുംഭമാസം (ഫെബ്രുവരി) 13 ന്

## നല്ല അപ്പന്റെ ചാവരുൾ
## എന്ന കുടുംബക്രമത്തിന്റെ പ്രത്യേകതകൾ

### 1. ഒരു സ്നേഹപിതാവിൽ നിന്നു വരുന്ന സാരോപദേശം.

- കേരള സഭയേ സംബന്ധിച്ചിടത്തോളം ഇത് സ്നേഹം നിറഞ്ഞ ഒരു പൂർവ്വ പിതാവിൽനിന്നു വരുന്ന സാരോപദേശമാണ്. കുടുംബക്കാരും ഇടവകക്കാരുമായവരെ മുന്നിൽ കണ്ടുകൊണ്ടു അദ്ദേഹം ഇതിന്റെ അവതരണ ഭാഗത്ത് ചാവറപ്പിതാവും ഉപദേശങ്ങൾ സ്വീകരിക്കേണ്ടി വരുന്നവരും തമ്മിലുള്ള ആത്മബന്ധത്തെ വൈകാരികമായി അവതരിപ്പിച്ചിരിക്കുന്നു. തന്റെ അന്ത്യശാസനമായി ഇത് സ്വീകരിക്കണമെന്നും കഴിയുന്നവരൊക്കെ പകർത്തി എഴുതി വീടുകളിൽ സൂക്ഷിക്കണമെന്നും അദ്ദേഹം നിർദ്ദേശിച്ചു. താൻ എഴുതി കൊടുത്തത് കൈനകരി കുരിശുപള്ളിയിൽ സൂക്ഷിക്കയും എല്ലാമാസാദ്യ ശനിയാഴ്ചകളിലും എല്ലാ വരും ഒരുമിച്ചുകൂടി അതുവായിക്കുകയും ചെയ്യണമെന്ന് നിർദ്ദേശിച്ചിരുന്നു. തന്നെ ഓർക്കാൻ ഇതിൽകവിഞ്ഞു മറ്റൊന്നും ചെയ്യണ്ട എന്നും സുചിപ്പിച്ചിരുന്നു. ഒരുനല്ല അപ്പന്റെ സ്നേഹവാത്സല്യത്തിന്റെ ഭാവം ഇതിൽ കാണുന്നുണ്ട്.

- ഔദ്യോഗിക രേഖകളിൽ ആശയങ്ങളെ വേർതിരിക്കാൻ നമ്പറുകൾ കൊടുക്കാറുള്ളതുപോലെ ചാവറപിതാവെഴുതി യ കുടുംബ ക്രമത്തിലും വിഷയ വ്യത്യാസമുള്ളതിനെല്ലാം നമ്പറുകൾ കൊടുത്തിട്ടുണ്ട്. ഒറിജിനലിൽ വിഷയത്തിനനുസരിച്ച് തലക്കെട്ടുകൾ കൊടുത്തിട്ടില്ല വായനക്കാരുടെ ഏളുപ്പത്തിനു വേണ്ടി പിന്നീട് പ്രസിദ്ധീകരിച്ചവർ ചേർത്തിട്ടുള്ളതാണ് ഇത്.

- ഔദ്യോഗിക രേഖകളിൽ ആശയങ്ങളെ വേർതിരിക്കാൻ നമ്പറുകൾ കൊടുക്കാറുള്ളതുപോലെ ചാവറപിതാവെഴുതിയ കുടുംബ ക്രമത്തിലും വിഷയ വ്യത്യാസമുള്ളതിനെല്ലാം നമ്പറുകൾ കൊടുത്തിട്ടുണ്ട്. ഒറിജിനലിൽ വിഷയത്തിനനുസരിച്ച് തലക്കെട്ടുകൾ കൊടുത്തിട്ടില്ല വായനക്കാരുടെ ഏളുപ്പത്തിനുവേണ്ടി പിന്നീട് പ്രസിദ്ധീകരിച്ചവർ ചേർത്തിട്ടുള്ളതാണ് ഇത്.

- കുടുംബാംഗങ്ങൾ ദൈവത്തോടും, കുടുംബാംഗങ്ങളോടു പരസ്പരവും, മറ്റുള്ളവരോടും, തന്നോടുതന്നെയും സ്വീകരിക്കേണ്ട മനോഭാവത്തെക്കുറിച്ചുള്ള പ്രയോഗിക നിർദ്ദേശങ്ങളാണ് ഇതിലുള്ളത്. തങ്ങളിൽ സ്ഥായിയായ മാറ്റങ്ങൾ വരുത്തുവാനുള്ള നിർദ്ദേശങ്ങൾ ഉള്ളതുകൊണ്ടാ യിരിക്കാം വികാരിജനറാളിൽ നിന്നുള്ള ഔദ്യോഗിക രേഖ യായി അവതരിപ്പിക്കാതെ അപ്പൻ മക്കളോടു എന്നപോലെ ഇത് അവതരിപ്പിച്ചിരിക്കുന്നത്.

## 2. ദൈവിക വെളിച്ചം സ്വീകരിച്ചുകൊണ്ട് എഴുതപ്പെട്ട കുടുംബക്രമം

- സ്നേഹം,സമാധാനം,ജീവിതക്രമം,പരസ്നേഹം,ദൈവഭയം തുടങ്ങിയ നന്മകൾക്കെതിരായി കുടുംബങ്ങളിൽ സംഭ വി ച്ചുകൊണ്ടിരിക്കുന്നതും ഭാവിയിൽ വരാവുന്നതുമായ തിന്മക ളെയും നാശങ്ങളെയും കുറിച്ച് വിലയിരുത്തിയ ചാവറപിതാ വ് കുടുംബങ്ങൾക്ക് വ്യക്തമായ ചില മാർഗ്ഗ നിർദ്ദേശങ്ങൾ കൊടുക്കണമെന്ന് ആഗ്രഹിച്ചു. ദിവ്യ പ്രകാശത്തിനായി പ്രാർ ത്ഥിച്ച് ദൈവനിവേശിതനായാണ് കുടുംബക്രമം എഴുതി യുണ്ടാക്കിത് എന്നദ്ദേഹം രേഖപ്പെടുത്തിയിട്ടുണ്ട്. ഒന്നര നൂറ്റാണ്ടിനോടടുക്കുമ്പോഴും ഇന്നിന്റെ പ്രസക്തിക്കു കോട്ടം വരാത്ത മൂല്യവത്തായ പ്രായോഗിക നിർ ദ്ദേശങ്ങളായിരിക്കു ന്നതിന്റെ കാരണവും, ഇതിന്റെ അനേക പതിപ്പുകളിലൂടെ ഇപ്പോഴും ഈ ചെറുഗ്രന്ഥം ഉപയോഗത്തിലിരിക്കുന്നതി ന്റെ കാരണവും സ്ഥലകാലാധീതമായി ഈ സന്ദേശം നിലനിൽ ക്കുന്നതും അദ്ദേഹം ദൈവനിവേശിതമായി എഴുതി യതാണ് എന്നതാണ്. കുടുംബജിവിതത്തെയും, മാതാപിതാക്കളെ യും, യുവജനങ്ങളെയും, കുട്ടികളെയും സംബന്ധിച്ച ഈ ക്ര മം ധ്യാനകേന്ദ്രങ്ങളിലും, സ്ററഡി ക്ലാസ്സുകളിലും പുതുമ യോടെ ഉപയോഗിക്കുന്നതിന്റെ കാരണവും മറ്റൊ ന്നല്ല.

## 3. ചാവരുളിലെ അവതരണ സാമ്യത

- ഉല്പത്തി പുസ്തകത്തിലെ 49-ാമത്തെ അദ്ധ്യായത്തിൽ 1 മുതൽ 27 വരെയുള്ള വചനങ്ങൾ പൂർവ്വപിതാവായ യാ ക്കോബ് തന്റെ മക്കൾക്കു കൊടുക്കുന്ന അവസാന അനുഗ്ര ഹഭാഗമാണ്. ഇതിലൂടെ അവരെ അനുഗ്രഹിക്കുന്നതിനോ ടൊപ്പം അവരിലെ സ്വഭാവദൂഷ്യങ്ങളെക്കുറിച്ചും തിരുത്തേണ്ട മേഖലകളെക്കുറിച്ചും അവരെ ഓർപ്പിച്ചുകൊടുക്കുകയും ചെ യ്യുന്നു.

- നിയമാവർത്തന പുസ്തകത്തിലെ 33-ാം അദ്ധ്യായത്തിൽ അവസാനമായി മോശ ഇസ്രായേൽ ജനത്തെ ആശീർവദിക്കുന്ന ഭാഗമാണിത്. ഇവിടെ അവരുടെ സ്വഭാവത്തിന്റെ പ്രത്യേകതകളെകുറിച്ച് വിശദീകരിച്ചുകൊണ്ടാണ് ആശീർവാദം നല്കുന്നത്. ഇത് ഒരു തിരുത്തൽ നടപടിയും കൂടിയാണ്.

- അപ്പസ്തോലപ്രവർത്തനങ്ങളിലെ 20-ാം അദ്ധ്യായത്തിലെ 18 മുതൽ 25 വരെയുള്ള വചനങ്ങളുടെ വെളിച്ചത്തിൽ എഫേസൂസിലെ സഭയ്ക്കു പൗലോസ് ശ്ലീഹാ നല്കുന്ന അവസാന ഉപദേശമാണ് ഇത്. ഇതിലൂടെ അദ്ദേഹം അവരുടെ ജീവിതത്തിലേക്കാവശ്യമായ വ്യക്തമായ നിർദ്ദേശങ്ങളാണ് നല്കുന്നത്.

- യോഹന്നാന്റെ സുവിശേഷത്തിൽ 13-ാം അദ്ധ്യയം 31 മുതൽ 16-ാം അദ്ധ്യയം 33 വരെയുള്ള വചനങ്ങൾ ഈശോ തന്റെ ശിഷ്യന്മാർക്ക് നല്കുന്ന അവസാന ഉപദേശങ്ങളാണ്. ഇതിൽ അവിടുന്ന് ദൈവത്തിന്റെ ദാനമായ സ്നേഹത്തെക്കുറിച്ചും ജീവനെക്കുറിച്ചും തന്റെ ശിഷ്യർക്കു പറഞ്ഞു കൊടുക്കുന്നു, അതിലൂടെ അവരിൽ നിന്ന് എന്താണ് തുടർന്ന് പ്രതീക്ഷിക്കുന്നത് എന്നും വ്യക്തമാക്കുന്നുണ്ട്.

- മുകളിൽ സൂചിപ്പിച്ച വിശുദ്ധഗ്രന്ഥഭാഗങ്ങളിലെല്ലാം, യാക്കോബു മുതൽ ഈശോ വരെ എല്ലാവരും അവരുടെ മനുഷ്യജീവിതത്തിന്റെ അന്ത്യനാളുകളിൽ കൊടുക്കുന്ന ഉപദേശങ്ങളും നിർദ്ദേശങ്ങളുമാണ്. ഇവയിലൂടെയെല്ലാം ജിവിതനവീകരണത്തിനാവശ്യമായ നിർദ്ദേശങ്ങളാണ് കൈമാറിയിരിക്കുന്നത്.

- ഇവയോട് ഏതാണ്ട് സാമ്യമുള്ള അവതരണരീതിയാണ് ചാവറപിതാവും സ്വീകരിച്ചത്. കുടുംബജീവിതക്കാരുടെ വിശുദ്ധിയും വിശ്വസ്തതയും ഉത്തരവാദിത്വവും എന്താണെന്ന് അദ്ദേഹം നല്ല അപ്പന്റെ ചാവരുളിലൂടെ അവതരിപ്പിക്കുന്നു.

## 4.സന്ദേശത്തിന്റെ അവതരണരീതി

- ചാവറപിതാവെഴുതിയ കൈയ്യെഴുത്തു പ്രതിയിൽ 24 പേജു കൊണ്ട് അവസാനിക്കുന്ന ഈ കുടുംബക്രമം വായനക്കാരുടെ മനസ്സിൽ പതിയാവുന്ന വിധം ചെറിയ ചെറിയ ഉപമകളിലൂടെയും, കഥകളിലൂടെയും, അനുഭവങ്ങളിലൂടെയും,

തത്വചിന്തകളിലൂടെയും, ആപ്തവാക്യങ്ങളിലൂടെയും, അതിലുപരി ബൈബിൾ വചനങ്ങളിലൂടെയുമാണ് അവതരിപ്പിച്ചിരിക്കുന്നത്. ഇവയിലൂടെ വിജ്ഞാനചിന്തകൾ നൽകി എന്നതിലുപരി പ്രയോഗികനിർദ്ദേശങ്ങളാണ് നൽകിയിരിക്കുന്നത്. അവതരണരീതിയിൽ വി.മത്തായിയുടെ സുവിശേഷത്തിലെ അഞ്ചും, ആറും, ഏഴും അദ്ധ്യായങ്ങളോടും വി.ലൂക്കായുടെ സുവിശേഷത്തിലെ ആറാം അദ്ധ്യായത്തോടും സാമ്യമുണ്ട് ചാവറപിതാവിന്റെ കൃതിക്കും. ജീവിതനവീകരണത്തിനാവശ്യമായ നിർദ്ദേശങ്ങളാണ് ഇവ രണ്ടിലേയും ഉള്ളടക്കം.

## 5. വിഷയവതരണത്തിലുള്ള ശാസ്ത്രീയത

- വിശുദ്ധഗ്രന്ഥം, തത്വശാസ്ത്രം, ദൈവശാസ്ത്രം, ധാർമ്മികശാസ്ത്രം എന്നിങ്ങനെ എല്ലാ ചിന്താധാരകളും തന്നെ, കളരിപഠനംകൊണ്ടു കിട്ടിയ പൊതുവിദ്യാഭ്യാസവും ഗുരുകുല സമാനമായ വൈദികപരിപാലനവും മാത്രം കൈമുതലുള്ള ചാവറപിതാവ് മോറൽ കോഡുകളുടെ സമാഹരണമായ പത്തു കല്പനകൾക്ക് സമാനമായവിധം 40 – നമ്പറുകളിലൂടെയാണ് ഇത്ര മൂല്യവത്തായ കുടുംബക്രമം എഴുതിയിരിക്കുന്നത്.

## 6.മൂന്നു ദിശകളിലൂടെ വേണം ഈ ചെറുഗ്രന്ഥത്തെ വീക്ഷിക്കുവാൻ

1. ദൈവികപദ്ധതിയിൽ കുടുംബത്തിന്റെ സ്ഥാനം.
2. തിരുസഭയുടെ ദൗത്യത്തിൽ കുടുംബത്തിന്റെ സ്ഥാനം.
3. സാമൂഹ്യബന്ധത്തിൽ കുടുംബത്തിന്റെ സ്ഥാനം.

## 7. കുടുംബക്രമത്തിലവതരിപ്പിച്ചിരിക്കുന്ന പ്രധാനവിഷയങ്ങൾ

- പ്രാർത്ഥനയും കൗദാശിക ജിവിതവും കുടുംബത്തിൽ.
- പരസ്നേഹ ജീവിതം കുടുംബത്തിൽ.
- ആരോഗ്യപരമായ ബന്ധങ്ങൾ കുടുംബത്തിൽ.
- സമ്പത്തിന്റെ ഉപയോഗം കുടുംബത്തിൽ.
- കുട്ടികളുടെ വിദ്യാഭ്യാസം കുടുംബത്തിൽ.
- വൈവാഹിക ബന്ധങ്ങളും സ്നേഹബന്ധങ്ങളും കുടുംബത്തിൽ.
- പാവങ്ങളോടുള്ള മാന്യമായ ഇടപെടൽ കുടുംബത്തിൽ.
- ജീവനക്കാരെക്കുറിച്ചുള്ള ശ്രദ്ധയും പരിഗണനയും കുടുംബത്തിൽ.

- മററുള്ളവരോടുള്ള സമ്പർക്കം കുടുംബത്തിൽ.
- സമയക്രമവും സമയനിഷ്ഠയും കുടുംബത്തിൽ
- ലാളിത്യവും വിശുദ്ധിയും കുടുംബത്തിൽ
- മക്കളുടെ നല്ലവളർത്തൽ കുടുംബത്തിൽ
- സദാചാരനിഷ്ഠയും ദൈവഭയവും കുടുംബത്തിൽ
- നീതിയും സമാധാനവും കുടുംബത്തിൽ
- മാതാപിതാക്കളോടുള്ള മക്കളുടെ കടമകൾ

## 8. കുടുംബക്രമത്തിന്റെ ചരിത്രപരത

• 1868-ൽ ചാവറപിതാവ് കുടുംബങ്ങളെ ലക്ഷ്യം വച്ചുകൊണ്ട് എഴുതിയ കുടുംബക്രമംപോലെ ഇത്ര സമഗ്രമായ ഒരു പഠനം അതിനുമുമ്പുള്ള കാലഘട്ടത്തിൽ ആരിലൂടെയും ഉണ്ടായിട്ടുള്ളതായി കണ്ടെത്തുവാൻ കഴിഞ്ഞിട്ടില്ല. 1545-നും 1563-നുമിടയിൽ നടന്ന ത്രെന്തോസ് സൂനഹദോസിലാണ് തിരുസഭാപഠനങ്ങളുടെ ഭാഗമായി കുടുംബത്തോടു ബന്ധപ്പെടുത്തി ഒരു രേഖ ഉണ്ടാകുന്നത്. ഇതു പ്രധാനമായും കൂദാശപരമായ വിവാഹത്തിന്റെ അവിഭാജ്യതയെകുറിച്ച് പ്രോട്ടസ്ററന്റു റിഫോർമേഴ്സിന് എതിരായുള്ള ഉത്തരമായിട്ടായിരുന്നു അവതരിപ്പിച്ചത്. ഈ രേഖയിൽ കുടുംബ ജീവിത്തിന്റെ ഇതരവശങ്ങളെക്കുറിച്ച് കാര്യമായ പ്രതിപാദനമൊന്നുമില്ലായിരുന്നു.

## 9. കുടുംബജീവിത്തോടു ബന്ധപ്പെടുത്തി മാർപ്പാപ്പമാർ നൽകിയിരിക്കുന്ന ചില പ്രബോധനങ്ങൾ

- ക്രിസ്തീയ വിവാഹത്തെക്കുറിച്ച് 1893- ൽ ലെയോ XIII-ാം മൻ മാർപാപ്പ.
- വിവാഹത്തിലെ ബ്രഹ്മചര്യത്തെകുറിച്ച് 1930-ൽ XI-ാം പീയൂസ് മാർപാപ്പ.
- മനുഷ്യ ജീവനെകുറിച്ച് 1968- ൽ VI-ാം പൗലോസ് മാർപാപ്പ.
- വിവാഹത്തിന്റെയും കുടുംബത്തിന്റെയും പവിത്രതയെക്കുറിച്ച് II-ാം വത്തിക്കാൻ കൗൺസിലിന്റെ തിരുസഭയെക്കുറിച്ചുള്ള കോൺസ്ററിറ്റ്യൂഷനിൽ.
- അല്മായരുടെ വിളിയെയും പ്രേഷിത ദൗത്യത്തെയും കുറിച്ച് 1987- ൽ ജോൺപ്പോൾ II-ാം മൻ മാർപാപ്പ നൽകിയ അപ്പസ്തോലിക പ്രബോധനം.

## 10.വിശുദ്ധ ചാവറപിതാവ് കുടുംബത്തെകുറിച്ച് നല്കുന്ന നിർവചനം

‘ സ്വർഗ്ഗരാജ്യത്തിന് സദൃശ്യമായ കുടുംബം എന്നത്:

- രക്തത്താലും സ്നേഹത്താലും ബന്ധിതരായവർ

- മാതാപിതാക്കളുടെ നേരെ അനുസരണവും ആദരവുമുള്ളവരായി
- ദൈവത്തോടും മനുഷ്യരോടും പൊരുത്തപ്പെട്ട്
- ഓരോരുത്തരുടെയും ജീവിതാന്തസ്സിനനുസരിച്ച് നിത്യജീവൻ പ്രാപിക്കാൻ ശ്രമിച്ചുകൊണ്ട്
- ഐക്യത്തോടെ ജീവിക്കുന്നവരുടെ കൂട്ടായ്മയാണ്."

## വിശുദ്ധ ചാവറപിതാവ് മക്കൾ ആരാണെന്നു തരുന്ന നിർവചനം

- "മക്കൾ, സർവ്വേശ്വരൻ തമ്പുരാൻ സൂക്ഷിപ്പിനായിട്ട് നിങ്ങളുടെ കയ്യിൽ ഏല്പിച്ചിരിക്കുന്ന നിക്ഷേപമാകുന്നു.
- ഇവരെ തന്റെ തിരുരക്തം കൊണ്ട് ശുദ്ധീകരിക്കുന്ന തിനും, തന്റെ ശുശ്രൂഷികളാക്കുന്നതിനും
- വിധി ദിവസത്തിൽ തിരിച്ച് ഏല്പിക്കുന്നതിനുമായി
- ഈശോമിശിഹാ നിങ്ങളുടെ കയ്യിൽ ഏല്പിച്ചിരിക്കുന്ന ആത്മക്കളാകുന്നു ഇവർ."

കുടുംബജീവിതത്തെക്കുറിച്ച് പ്രചോദനമുൾക്കൊള്ളുവാൻ ആഗ്രഹിക്കുന്നവർ ജാതിമത വിത്യാസമില്ലാതെ ചാവറപ്പിതാവു നൽകുന്ന ജീവിതക്രമം പ്രയോഗിക ജീവിതത്തിലാക്കുവാൻ ശ്രമിക്കാറുണ്ട്. ധ്യാനകേന്ദ്രങ്ങളിലും കുടുംബജീവിതകാർക്കുള്ള കോഴ്സുകളിലും ഈ ചെറുഗ്രന്ഥത്തിന്റെ ഉപയോഗം നാൾക്കുനാൾ വർദ്ധിച്ചുവരുന്നതായാണ് അനുഭവം.


# വിശുദ്ധ
# കുര്യാക്കോസ് ഏലിയാസ് ചാവറയുടെ
# ലഘു ജീവചരിത്രം



ഓരോ കാലഘട്ടത്തിലും ജനസമുഹത്തിന്റെ പ്രത്യേക ആവശ്യങ്ങളെ നേരിടാൻ സഹായകമാകുംവിധം ചില വ്യക്തികളെ ദൈവം നയിക്കാറുണ്ട്. അവർ ഒരു നിയോഗം പോലെ ദൈവത്തോടും സഹജീവികളോടും സഹകരിച്ചു കൊണ്ടു സമുഹങ്ങളിൽ വൻനേട്ട ങ്ങൾക്ക് നിദാനമാകാറുണ്ട്. 19-ാം നൂറ്റാണ്ടിലെ കേരളസഭയിൽ ആത്മിയ രംഗത്തും, ബൗ ദ്ധിക രംഗത്തും, സാമുഹികരംഗത്തും, ഭരണരംഗത്തും അനി ഷേദ്ധ്യനായ ഒരു നേതാവിനെ ആവശ്യമായിരുന്നു. ഈ കാല ഘട്ടത്തിലെ ചരിത്രം പരിശോധിക്കുമ്പോൾ ഇതിന് ദൈവം കണ്ടെത്തിയ വ്യക്തി ചാവറ കുര്യാക്കോസ് ഏലിയാസച്ച നാ യിരുന്നു എന്നു തോന്നിപോകുന്നു.

## ചാവറക്കാലം പൗരോഹിത്യം വരെ

1805ഫ്രെബുവരി10ന് കുര്യാക്കോസ് മറിയം ദമ്പതികളുടെ ആറുമക്കളിൽ ഇളയവനായി കുര്യാക്കോസ് കൈനകരിയിലെ ചാവറയിൽ ജനിച്ചു. അഞ്ചു മുതൽ പത്തുവരെയുള്ള പ്രായത്തിൽ കളരിയിൽ പഠനം നടത്തിയ കുര്യാക്കോസ് 11-ാം വയസ്സിൽ ദൈവവിളി സ്വീകരിച്ചു. രണ്ടു വർഷത്തോളം സ്വന്ത ഇടവകപള്ളിയിൽ വികാരിയച്ചനോടൊപ്പം താമസിച്ച് പരിശീലനം സ്വീകരിച്ചു. 13-ാം വയസ്സിൽ പള്ളിപ്പുറത്തുള്ള പാലക്കൽ തോമ്മാ മല്പാന്റെ ഇടവക സെമിനാരിയിൽ ചേർന്ന് പഠിച്ച് 24-ാം വയസ്സിൽ 1829 നവംബർ 29-ന് അർത്തുങ്കൽ പള്ളിയിൽ






ചാവറ കുടുംബവൃക്ഷം, ജൻമഗൃഹം കൈനകരിയിൽ

വെച്ച് മൗറേലിയൂസ് സ്തബിലീനി മെത്രാനിൽ നിന്ന് വൈദികപട്ടം സ്വികരിച്ചു. സെമിനാരിയിൽ ആയിരുന്നപ്പോൾ നാട്ടിലുണ്ടായ പകർച്ചവ്യാധിയെ തുടർന്ന് അദ്ദേഹത്തിന്റെ മാതാപിതാക്കളും ഏക സഹോദരനും മരണമടഞ്ഞിരുന്നു. കുടുംബം നിലനിർത്താൻ നാലു സഹോദരികൾ അല്ലാതെ പുരുഷന്മാർ ഇല്ലാതിരുന്നതുകൊണ്ട് സെമിനാരിയിൽ നിന്നു തിരിച്ചു ചെല്ലുവാൻ വളരെയധികം സമ്മർദ്ദമുണ്ടായിരുന്നെങ്കിലും അതിനെ അതിജീവിച്ചാണ് പൗരോഹിത്യം സ്വീകരിച്ചത്.

## നാടിന്റെ നവോത്ഥാനത്തിനൊരു സന്യാസസഭ

സീറോമലബാർ സഭയിലെ ഇടവകവൈദികരായിരുന്ന പാലക്കൽ, പോരുക്കര, ചാവറയച്ചന്മാർ ചേർന്ന് നടത്തിയ വിചിന്തനത്തിന്റെയും, പ്രാർത്ഥനയുടെയും, പരിശ്രമത്തിന്റെയും ഫലമായി 1831, മെയ് 11-ം തിയതി കോട്ടയത്തിനടുത്തുള്ള മാന്നാനം കുന്നിൽ ഭാരതത്തിലെ ആദ്യത്തെ എതദ്ദേശിയ സന്യാസസഭയ്ക്ക്, സി.എം.ഐ സഭക്ക് തുടക്കമിട്ടു. പിന്നിട് സഭയിലെ ആദ്യസന്യാസ സഹോദരനായിത്തിർന്ന കണി





ആശ്രമസ്ഥാപനം 1831, മാതൃഭവനം മാന്നാനം

യാന്തറ യാക്കോബ് തുടക്കം മുതലെ ഇവരോട് സഹകരിച്ചിരുന്നു.

"ഈ മലയാളത്തിൽ പട്ടക്കാർക്കുപോലും ഒരു തപസ്സു ഭവനമില്ലായ്കയാൽ ഏറിയ നന്മകൾക്ക് വീഴ്ചയായിരിക്കകൊണ്ട് വല്ല പ്രകാരത്തിലും പട്ടക്കാർക്കെങ്കിലും ഒരു ദർശന വീടുണ്ടാകണ"മെന്ന അവരുടെ ആഗ്രഹം പൂവണിഞ്ഞതായിയിരുന്നു സി.എം.ഐ. സഭ. ദൈവജനത്തിന്റെ ആത്മിയ നവീകരണത്തിലേക്ക് ശ്രദ്ധ തിരിച്ച അവർ അതുവരെ കേരളത്തിൽ പതിവില്ലാതിരുന്ന ഞായറാഴ്ച പ്രസംഗങ്ങളും ഇടവക ധ്യാനങ്ങളും ആരംഭിച്ചു. വൈദികരെ രൂപവല്കരിക്കാനുള്ള പൊതു സെമിനാരി 1833-ൽ മാന്നാനത്തു തുടങ്ങി. സന്യാസ സമൂഹം രൂപപ്പെട്ടുവന്ന തുടക്കകാലത്തു തന്നെ പാലക്കൽ, പോരൂക്കര തോമ്മാച്ചന്മാർ 1841-ലും 1846-ലുമായി മരിച്ചതോടെ എല്ലാ ചുമതലകളും ചാവറപിതാവ് ഏറ്റെടുക്കേണ്ടിവന്നു.

എല്ലാവർക്കും പ്രിയങ്കരനായിരുന്ന ചാവറയച്ചനോടു സഹകരിക്കുവാൻ ജാതി, മത വ്യത്യാസമില്ലാതെ എല്ലാവർക്കും താല്പര്യമായിരുന്നു. ഒശനാരുമേത്തരും, ഇട്ടനും, വാര്യരും, കൊച്ചുപോത്തനും, തരകനും, പാറായിയുമൊക്കെ ഇവരിൽപെടും. ഇവരോടോപ്പം മറ്റു പലരുടെയും സഹകരണത്തോടെ മാന്നാനത്ത് പള്ളിയും ആശ്രമവും ഉണ്ടായി. കാത്തോലിക്ക നേതൃത്വത്തിലുള്ള ഇൻഡ്യയിലെ ആദ്യത്തെ സംസ്കൃത സ്കൂളും, കത്തോലിക്ക നേതൃത്വത്തിലുള്ള ആദ്യപ്രസ്സും 1846-ൽ മാന്നാനത്തു സ്ഥാപിച്ചു. മല്പാനായി ഉയർത്തപ്പെട്ട ചാവറയച്ചന് സീറോ മലബാർ സഭയിലെ സകല വൈദികരുടെയും പരീക്ഷകനായും പട്ടമേൽക്കേണ്ട വൈദിക വിദ്യാർത്ഥികൾക്ക് പട്ടം

സ്വീകരിക്കുവാൻ അനുവാദം കൊടുക്കുവാനും, വൈദികരായി ത്തീർന്നവർക്ക് കുമ്പസാരിപ്പിക്കുവാനും, പള്ളിയിൽ പ്രസംഗം പറയുവാനുമുള്ള പത്തോന്തി കൊടുക്കുവാനും ഉള്ള അധികാരം വരാപ്പുഴ വികാരി അപ്പസ്തോലിക്ക ഫ്രാൻസീസ് സേവ്യർ മെ ത്രാൻ 1844-ൽ ചാവറയച്ചനു നൽകി. മാന്നാനത്തു ചാവറയച്ച ന്റെ നേതൃത്വത്തിലുള്ള വൈദികരെ ലത്തിൻ, സുറിയാനിപള്ളി കളിൽ ക്ഷണിച്ച് ധ്യാനം നടത്തിയിരിക്കണം എന്ന ലൂദുവിക് മർത്തീ നി മെത്രാന്റെ നിർദ്ദേശപ്രകാരം ആശ്രമാംഗങ്ങൾ രണ്ടോ മൂന്നോ പേർ വീതം ലത്തീൻ, സുറിയാനി ഇടവകകൾ തോറും ധ്യാനം നടത്തുക പതിവായി. 1855 ഡിസംബർ 8-നാണ് ചാവറപ്പിതാവിന്റെ നേതൃത്വത്തിൽ ആദ്യഅംഗങ്ങൾ സന്യാസ വ്രതങ്ങൾ അർപ്പിച്ചത്. തുടർന്ന് അംഗങ്ങൾ വർദ്ധിക്കുകയും പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുകയും ചെയ്തു.

## ആത്മാക്കളെ തേടി

ക്രിസ്തുവിന് ആത്മാക്കളെ നേടിക്കൊടുക്കുക എന്ന തീക്ഷ്ണ തയാൽ എരിഞ്ഞിരുന്ന ചാവറപിതാവ് ക്രിസ്തീയ വിശ്വാസം സ്വീകരിക്കുവാൻ ആഗ്രഹിച്ചുവന്നവരെ തന്റെ സഹോദര വൈദികർ വഴി വേണ്ടവിധം ഒരുക്കി മാമ്മോദീസ നൽകിയിരു ന്നു. നൂറിലേറെപേർക്കുവരെ ഒരുമിച്ച് മാമ്മോദീസ നൽകിയ



ചാവറ പിതാവ് സ്ഥാപിച്ച വിശ്വാസപരിശീലനകേന്ദ്രങ്ങൾ

അവസരങ്ങളും അവരുടെ ജീവിതത്തിലുണ്ട് എന്ന് മാന്നാനം നാളാഗമത്തിൽ കാണുന്നു. പുതുതായി വിശ്വാസം സ്വീകരിച്ച വർക്കായി വിശ്വാസ പരിശീലനകേന്ദ്രങ്ങളും സ്കൂളുകളും ആദ്യകാല ആശ്രമങ്ങളോടു ചേർത്ത് നടത്തിയിരുന്നു. ഇത്തര ത്തിലുള്ള സീറോ മലബാർ സഭയിലെ ആദ്യത്തെ വിശ്വാസപരി ശിലനകേന്ദ്രമായിരുന്നു 1853-ൽ അദ്ദേഹം മാന്നാനത്താരംഭിച്ച ത്. ഇപ്രകാരം നൂറു വർഷങ്ങൾക്കിടയിൽ 48700ഓളം പേർക്ക് മാമ്മോദിസ നൽകിയിട്ടുള്ളതായി ആദ്യകാല ആശ്രമങ്ങളുടെ രേഖകളിൽ കാണുന്നുണ്ട്.

## ഐക്യത്തിന്റെ കണ്ണി

കേരളസഭയെ ബാധിച്ച വലിയൊരു പ്രതിസന്ധിയായിരുന്നു 1861-ൽ ബാഗദാദിൽ നിന്നിവിടെ എത്തിയ റോക്കോസ് മെത്രാനിലൂടെ ഉണ്ടായ ശിശ്മ. ഇതിനെ നിർമ്മാർജനം ചെയ്യാൻ മാർപാപ്പ മുതൽ നിരവധി ജനങ്ങളും വൈദികരുമായി ചാവറപിതാവിന് ബന്ധപ്പെടേണ്ടിവന്നിട്ടുണ്ട്. സീറോ മലബാർ





ശീശ്മയ്ക്കെതിരെ, റോക്കോസ് മെത്രാനെ തിരിച്ചു യാത്രയാക്കുന്നു.

സഭയുടെ വികാരി ജനറൽ എന്ന പദവിയിലൂടെയും പലരുമായി ഇടപേടണ്ട സാഹചര്യങ്ങൾ അദ്ദേഹത്തിനുണ്ടായിരുന്നു. ഈ സന്ദർഭങ്ങളിലെല്ലാം ശത്രുക്കളോടും മിത്രങ്ങളോടും അധികാരികളോടും അധിനരോടും സമഭാവനയോടും നീതി പൂർവകമായും ഇടപെടുവാൻ അദ്ദേഹത്തിനു സാധിച്ചു. മെത്രാൻ പദവിയുണ്ടെന്നു നടിച്ചു വന്ന തൊണ്ടനാട്ടന്തോണി കത്തനാരോടും, പേർഷ്യയിൽ നിന്നു വ്യാജേന പണപ്പിരിവി നായി വന്ന ദനഹയോടും റോക്കോസ്മെത്രനോടുമൊക്കെ വളരെ മാന്യമായി ഇടപെടുവാൻ ചാവറയച്ചനു സാധിച്ചു എന്നു മാത്രമല്ല അവരെയെല്ലാം മാനാസാന്തരത്തിന്റെ വഴികളിലേക്ക് നയി ക്കുവാനും അദ്ദേഹത്തിനു കഴിഞ്ഞു.

മെത്രാന്റെ അനുമതിയോടെ ചാവറപ്പിതാവ് സുറിയാനി സഭ യുടെ വികാരി ജനറാൾ ആയിരുന്നപ്പോൾ സുറിയാനി ഇടവകളെ പല സോണുകളായി തിരിച്ചു ആശ്രമാംഗങ്ങളെ ഡെപ്പൂട്ടിമാരായി നിശ്ചയിച്ചു സ്കൂൾ നടത്തിപ്പ്, മതബോധനം, ജനങ്ങളുടെ വിശ്വാസജീവിതം തുടങ്ങിയ കാര്യങ്ങൾ ശ്രദ്ധിച്ചിരുന്നു. വൈദികരുടെയും ജനങ്ങളുടെയും ഇടയിലെ പല വിധപ്രശ്നങ്ങൾ പരിഹരിക്കുവാൻ വരാപ്പുഴ മെത്രാന്മാർ ചാവറയച്ചനെയാണ് പലപ്പോഴും ചുമതലപ്പെടുത്തിയിരുന്നത്. ഇങ്ങനെയുള്ള അവസരങ്ങളിൽ ചാവറയച്ചൻ എടുക്കുന്ന നില

പാടിനോട് മെത്രാന്മാരും മറ്റുള്ളവരും സഹകരിക്കുക പതിവായിരുന്നു എന്ന് അന്നത്തെ എഴുത്തുകൾ മൂലമുള്ള രേഖ കളിൽനിന്നും വ്യക്തമാകുന്നുണ്ട്.

## സ്ത്രീശാക്തീകരണം സന്യാസിനി സഭയിലൂടെ

ചിരകാലമായി ചാവറപ്പിതാവ് നടത്തിയ പരിശ്രമങ്ങളുടെ പൂർത്തികരണമായിരുന്നു, ലെയോപ്പോൾദ് മിഷനറിയുടെ സഹകരണത്തോടെ മലയാളത്തിലെ പെൺപൈതങ്ങൾക്കു






1866–ൽ കൂനമ്മാവിൽ ആരംഭിച്ച മഠവും അതിലെ ആദ്യ അംഗങ്ങളും

വേണ്ടി കുനമ്മാവിൽ 1866–ൽ തുടങ്ങിയ കന്യാസ്ത്രിമഠം. മഠത്തിൽ ചേരുന്നവർക്ക് ആത്മിയ ജീവിതത്തിൽ വളരുവാനും, സ്ത്രിജനങ്ങളെ പഠനത്തിലുടെയും, തൊഴിലധിഷ്ടിത പ്രവ ർത്തനങ്ങളിലൂടെയും സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊ ണ്ടുവരുന്നതിനും വേണ്ടി തുട ങ്ങിയ മഠം വഴി കേരളത്തിലെ സ്ത്രി ശാക്തികരണത്തിനു ചാവറപിതാവ് തുടക്കം കുറിക്ക ലായിരുന്നു. ഇന്ന് സി.എം.സി. സഭ എന്നറിയപ്പെടുന്ന ആദ്യ ത്തെ തദ്ദേശീയ സന്യാസിനിസഭയായിരുന്നു കൂനമ്മാവിൽ ഉദയം കൊണ്ടത്.

## ഒരു നല്ല അപ്പന്റെ ചാവരുൾ കുടുംബനവീകരണത്തിന്

കുടുംബങ്ങളെ നവികരിക്കുക എന്ന ലക്ഷ്യത്തോടെ തന്റെ ഇടവകകാരും ബന്ധുജനങ്ങളുമായ കൈനകരിക്കാർക്ക് 1868–ൽ എഴുതികൊടുത്ത ഒരു ലേഖനമാണ് ഒരു നല്ല അപ്പന്റെ ചാവരുൾ". നല്ല ക്രിസ്ത്യാനി കുടുഃബം സ്വർഗ്ഗതുല്യമാണ് എന്നു സ്ഥാപിച്ചു കൊണ്ട് മാതാപിതാക്കളുടെയും മക്കളുടെയും കടമകൾ എന്തെന്നും, പുറമെയുള്ളവരോട് എങ്ങനെ പെരുമാറണമെന്നും 40 പോയിന്റുകളിലൂടെ വിശദികരിക്കുന്ന ഈ ലേഖനം തിരുസഭയുടെ ചരിത്രത്തിൽ കുടുബ ജീവിതക്കാർക്കുവേണ്ടി എഴുതപ്പെട്ട 'മാഗ്നാകാർട്ട' എന്നു വിശേഷിപ്പിക്കാവുന്നതും കൂടുംബജീവിതത്തെക്കുറി

ച്ചുള്ള ആദ്യത്തെ ആധികാരിക പഠനവുമാണ്. കുടുംബനവീക രണരംഗത്തു ഇന്നും ഇതിന്റെ പതിനായിരക്കണക്കിനു കോപ്പി കൾ കുടുംബങ്ങളിൽ എത്തിക്കൊണ്ടിരിക്കുന്നു.





1868-ലാണ് ഒരു നല്ല അപ്പന്റെ ചാവരുൾ എഴുതപ്പെട്ടത്

## ആതുര ശുശ്രൂഷാരംഗത്തെ ആദ്യപ്രസ്ഥാനങ്ങൾ

1869-ൽ കൈനകരിയിലെ സ്വന്ത ജനങ്ങളെ ബോധവല്ക രിച്ചുകൊണ്ട് ജനപങ്കാളി ത്തത്തോടെ നടപ്പിലാക്കിയ പ്രസ്ഥാനമാണ് 'ഉപവിശാല'. അനാഥരൊ, വഴിപിച്ചക്കാരൊ, വൃദ്ധരൊ, ആരും അന്വേഷിക്കാനില്ലാത്ത വരൊ ആയ വ്യക്തികളെ ഒരു ഭവനത്തിലാക്കി സംരക്ഷിച്ച് നല്ല മരണം പ്രാപിക്കാൻ സഹായിക്കുക എന്നുള്ളതായിരുന്നു ഉപവിശാലയുടെ ലക്ഷ്യം. ഈ സ്ഥാപനം നടത്തികൊണ്ടു പോകുവാൻ ആവശ്യമായ ഒരു സന്നദ്ധസഹകരണ സംഘ






1869-ൽ കൈനകരിയിൽ ആരംഭിച്ച ഉപവിശാല

ത്തെയും 'യൗസേപ്പുപിതാവിന്റെ നന്മരണസഖ്യം' എന്നപേരിൽ ചാവറപിതാവ് നടപ്പിലാക്കി. ആതുര ശുശ്രൂഷാരംഗത്തെ കേരളത്തിലെ ആദ്യത്തെ ധർമ്മസ്ഥാപനമായിരുന്നു ചാവറപിതാവ് കൈനകരിയിലാരംഭിച്ച ഉപവിശാല.

## തൂലികയുടെ മാസ്മര ശക്തി

ചാവറപ്പിതാവ് നല്ലൊരു സാഹിത്യകാരനും എഴുത്തുകാരനും കൂടിയായിരുന്നു. അദ്ദേഹം 1862ൽ എഴുതിയ 'അനസ്താസ്യായുടെ രക്തസാക്ഷ്യം' എന്ന പദ്യകൃതി മലയാള ഭാഷ







ആത്മീയരംഗത്തും സാഹിത്യരംഗത്തും
ചാവറകൃതികൾ പ്രാധാന്യമേറിയത്

യിലെ ആദ്യത്തെ ലക്ഷണമൊത്ത ഖണ്ഡകാവ്യമാണ്. മിശിഹാചരിത്രത്തെ അവതരിപ്പിച്ചുകൊണ്ടുള്ള 'ആത്മാനുതാപം' മഹാകാവ്യത്തിനുതുല്യമായ ആദ്ധ്യാത്മിക കൃതിയാണ്. ക്രിസ്തുഗാഥയിലുടെ തന്റെ ജീവിതത്തെ നോക്കികാണുന്ന, ദൈവത്തിന്റെ കരുണയെ സ്തുതിച്ചുപാടുന്ന. പരിശുദ്ധ അമ്മയെ മാതൃകയും സംരക്ഷകയുമായി കൂട്ടുനിറുത്തിക്കൊണ്ട് തിരുസഭയോടൊത്തുള്ള പ്രയാണമാണ് 'ആത്മാനുതാപം'. അദ്ദേഹത്തിന്റെ ധ്യാനചിന്തകളെ ക്രോഡികരിച്ച മറ്റൊരു ആദ്ധ്യാത്മിക കൃതിയാണ് 'ധ്യാനസല്ലാപങ്ങൾ'. മരണാനന്തര ജീവിതത്തെ ലക്ഷ്യംവെച്ചുകൊണ്ട് സുകൃതജീവിതം നയിക്കുവാൻ പ്രേരണ നൽകുന്ന 'മരണവീട്ടിൽ പാടുവാനുള്ള പാന' ആത്മപരിശോധനാപരമായ കാവ്യമാണ്. ആരാധന ക്രമവും, വൈദികരുടെ ക്രോഡികരിച്ച പ്രാർത്ഥനയായ കാനോന നമസ്ക്കാരവും, ലിറ്റർജിക്കൽ കലണ്ടറും, മരിച്ചവർക്കുവേണ്ടിയുള്ള ഒപ്പിസുമൊക്കെ ചാവറപ്പിതാവിന്റെ നേതൃത്വത്തിലുണ്ടായതാണ്. വികലമാക്കപ്പെട്ടതും നഷ്ടപ്പെട്ടതുമായ സുറിയാനി പാരമ്പര്യത്തിനനുസരിച്ചുള്ള ആരാധന ക്രമനവീകരണ

ത്തിന്റെ ഭാഗമായിരുന്ന 'തൂക്കാസ' ഉൾപ്പെടെയുള്ള ആരാധനാക്രമനവീകരണഗ്രന്ഥങ്ങൾ. എക്ളോഗുകൾ എന്നറിയപ്പെടുന്ന ഇടയനാടകങ്ങൾ പത്തെണ്ണം ഇൻഡ്യൻ നാടകവഴിയിലെ ആദ്യത്തെ ഭാഷാനാടകങ്ങളാണ്. ഈ നാടകങ്ങളുടെ ഇതിവൃത്തം ക്രിസ്തുവിന്റെ മനുഷ്യാവതാരത്തോടു ബന്ധപ്പെടുത്തിയുള്ളതാണ്.





പരിശുദ്ധ കുർബാനയുടെയും തിരുക്കുടുംബത്തിന്റെയും ഭക്തൻ

## പ്രാർത്ഥനയുടെ മനുഷ്യൻ

മതപരവും സാമൂഹ്യവുമായ പ്രവർത്തനങ്ങൾകൊണ്ട് നിറച്ചവ്യക്തിയാണെങ്കിലും ചാവറപ്പിതാവ് അതിലുപരി ഒരു ആത്മിയ മനുഷ്യനായിരുന്നു. കേരള സഭയിൽ 40 മണി ആരാധന ആരംഭിച്ച അദ്ദേഹം പരിശുദ്ധകുർബ്ബാനയുടെയും ദൈവമാതാവിന്റെയും വലിയ ഭക്തനായിരുന്നു. അദ്ദേഹം ദൈവതിരുമനസ്സ് തിരിച്ചറിഞ്ഞ് ജനങ്ങളുടെ വിവിധങ്ങളായ ആവശ്യങ്ങളിലേക്ക് ഇറങ്ങിചെന്നത് നീണ്ട മണിക്കുറുകൾ പ്രാർത്ഥനയിൽ ചിലവഴിച്ചതിനു ശേഷമായിരുന്നു. അദ്ദേഹത്തെ അടുത്തറിഞ്ഞവർ ഒരു ദൈവികമനുഷ്യൻ എന്നായിരുന്നു വിളിച്ചിരുന്നത്.

## സഹനത്തെ സ്നേഹമാക്കിയ പങ്കാളി

ക്രിസ്തുവിന്റെ പീഡാനുഭവ രഹസ്യങ്ങളെ നിരന്തരം ധ്യാനവിഷയമാക്കിയിരുന്ന ചാവറപ്പിതാവ് ജിവിതത്തിൽ

സഹനത്തിന്റെ മൂല്യം എന്തെന്നും തിരിച്ചറിഞ്ഞിരുന്നു. ചെറുപ്പം മുതൽ അദ്ദേഹത്തെ പിടികൂടിയിരുന്ന വാതപ്പനിയും, കാലിൽ ഇടക്കുണ്ടാകാറുള്ള നീർവീക്കവും അതു പഴുത്തു പൊട്ടി ഒഴുകമ്പോൾ ഉണ്ടാകുന്ന ദുസ്സഹമായ വേദനയും ചില പ്പോൾ അദ്ദേഹത്തെ അബോധാവസ്തയിലും ആക്കിയിട്ടുണ്ട്. കണ്ണിനുണ്ടായ അസുഖം അദ്ദേഹത്തെ മൂന്നു മാസത്തോളം ഏതാണ്ട് പൂർണ്ണമായും അന്ധനാക്കി എന്നു മാത്രമല്ല അവർണനിയമായ വേദനക്കും കാരണമാക്കി. എങ്കിലും പരാതി കൂടാതെയും തന്റെ സഹന ത്തിന്റെ ഗൗരവം മറ്റുള്ളവരെ അറിയിക്കാതെയും ആ ദിനങ്ങൾ കടത്തിവിട്ടു. അതു കൊണ്ടാ യിരിക്കാം ചാവറപ്പിതാവിന്റെ ചരിത്രകാരന്മാർ അദ്ദേഹത്തിന്റെ സഹനത്തിന്റെ കാഠിന്യത്തെ അധികമായി വിവരിക്കാറില്ല. എന്നാൽ ഒപ്പം ജീവിച്ചിരുന്നവർ കണ്ടു മനസ്സിലാക്കിയിരുന്ന കാര്യങ്ങൾ രേഖപ്പെടുത്തിയിരിക്കു ന്നതിൽ നിന്ന് ഇതു സ്പ ഷ്ടമാണ്.

ചാവറപ്പിതാവിന്റെ പ്രവർത്തനമേഖലകൾ പലതും പ്രശ്ന മേഖ ലകളുമായിരുന്നു. അവ പലവിധ മാനസിക സഹനങ്ങൾക്കുള്ള അവസരങ്ങളുമായിരുന്നു. എല്ലാം ദൈവനിയോഗമായി എടുത്ത അദ്ദേഹത്തിന് ഒരു ചിന്തയെ ഉണ്ടായിരുന്നുള്ളു. "മറ്റുള്ളവർക്കു നന്മ ചെയ്യാത്ത ഒരു ദിനം പോലും തന്റെ ആയുസ്സിന്റെ പുസ്ത കത്തിൽ ഉണ്ടാകരുത്" ഈ കാര്യം അദ്ദേഹം മറ്റുള്ളവരെ പഠിപ്പിക്കയും ചെയ്തു. നന്മചെയ്തു കടന്നുപോയ ഈശോ യുടെ സഹനത്തിന്റെ അർത്ഥം സ്നേഹമാണെന്ന് അദ്ദേഹം കണ്ടെത്തിയിരുന്നു. അതുകൊണ്ട് സഹനം പ്രതിസന്ധിയും പ്രശ്നവുമായില്ല.


## വരപ്രസാദം നഷ്ടപ്പെടുത്താതെ കടന്നുപോയി

മറ്റുജോലികളൊന്നും ചെയ്യാനാകാതെ കിടപ്പിലായ അദ്ദേഹം




ചാവറ പിതാവ് സഹനത്തെ സ്നേഹമാക്കി മാറ്റി

താൻ മരണത്തോടടുത്തിരിക്കുന്നു എന്നു മനസ്സിലാക്കി.



ആദ്യം അടക്കം ചെയ്യപ്പെട്ട കുനമ്മാവിലെ കബറിടം,
ഇപ്പോൾ ഭൗതിക തിരുശേഷിപ്പ് സൂക്ഷിച്ചിരിക്കുന്ന മാന്നാനത്തെ
കബറിടം

ഭൗതിക കാര്യങ്ങളെക്കുറിച്ച് സംസാരിക്കുവാൻ ആരും അടുത്തേ ക്കുവരേണ്ട എന്നു അദ്ദേഹം നിർദ്ദേശിക്കയും അപ്രകാരം മുറിയുടെ വാതിക്കൽ എഴുതിവെപ്പിക്കയും ചെയ്തിരുന്നു. ആത്മിയ കാര്യങ്ങൾ കേൾക്കുവാൻ വേണ്ടി സെമിനാരിക്കാരെ അടുത്തിരുത്തി അവരെക്കൊണ്ട് സദ്ഗ്രന്ഥങ്ങൾ വായിപ്പിച്ചു. ദിവസങ്ങൾ കടന്നു പോയി. അഭിവന്ദ്യനായ പിതാവിന്റെ മരണനിമിഷങ്ങൾ അടുത്തു എന്നു മനസ്സിലാക്കിയ ശിഷ്യഗണം കണ്ണുനിരോടെ ജനുവരി രണ്ടാം തിയതി വൈകിട്ട് കട്ടിലിനു ചുറ്റും അടുത്തുകൂടി. അവരെ ആശ്വസിപ്പിച്ചുകൊണ്ട്, “ചെറുപ്പം മുതൽ തിരുക്കുടുംബം സംരക്ഷിച്ചിരുന്നുതുകൊണ്ട് മാമോ ദിസയിൽ സ്വികരിച്ച വരപ്രസാദം നഷ്ടമാക്കാതെ ഇതുവരെ ജിവിക്കുവാൻ സാധിച്ചു” എന്ന് ധൈര്യസമ്മേതം അറിയിച്ച ശേഷം സഭയേയും സഭാഗംങ്ങളേയും തിരുകുടുബത്തിനു സമർപ്പിച്ചു. ‘ഞാൻ മരിക്കുന്നതിനെക്കുറിച്ച് നിങ്ങൾ ദുഃഖിച്ചു കലങ്ങേണ്ട. ദൈവതിരുമനസ്സിനു സന്തോഷത്തോടെ കീഴ്വഴങ്ങുവിൻ’ എന്നു പറഞ്ഞു അദ്ദേഹം ശിഷ്യരെ ആശ്വസിപ്പിച്ചു. 1871 ജനുവരി 3-ാം തിയതി പ്രഭാതത്തിൽ ഏഴര മണിക്ക് ചാവറപ്പിതാവ് നിത്യവിശ്രമത്തിനായി യാത്രയായി. 1986-ൽ വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിക്കപ്പെട്ട അദ്ദേഹത്തെ2014-ൽ മാർപ്പാപ്പ വിശുദ്ധനായി പ്രഖ്യാപിച്ചു.

പാപബോദ്ധ്യം നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ലോകത്തിന് ആധുനികയുഗത്തിൽ പാപത്തെയും പാപസാഹചര്യങ്ങളെയും ഒഴിവാക്കി ജീവിച്ചിരുന്ന ചാവറപ്പിതാവ് ഒരു വെല്ലുവിളിയാണ് എന്നായിരുന്നു ചാവറപ്പിതാവിന്റെ നാമകരണനടപടികൾക്ക് നേതൃത്വം കൊടുത്തിരുന്ന മെത്രാപ്പോലിത്ത പീറ്റർ പല്ല





ഇൻഡ്യ ഗവൺമെന്റിന്റെയും കേരള ഗവൺമെന്റിന്റെയും
ബഹുമതിയുടെ അടയാളങ്ങൾ

സ്സിനി രേഖപ്പെടുത്തിയത്. സാമുഹ്യപരിഷ്കർത്താവ് എന്ന വിധമുള്ള ചാവറപ്പിതാവിന്റെ സംഭാവനകളെ പരിഗണിച്ച് ഇൻഡ്യാഗവർമ്മേണ്ട് 1987-ൽ അദ്ദേഹത്തിന്റെ തപാൽ സ്റ്റാമ്പ് പുറത്തിറക്കി. സാഹിത്യരംഗത്തുള്ള അദ്ദേഹത്തിന്റെ സംഭാവ നകളെ ആദരിച്ചുകൊണ്ട് കേരള ഗവൺമെന്റ് സാഹിത്യ അക്കാ ഡമി ഹോളിൽ അദ്ദേഹത്തിന്റെ എണ്ണച്ഛായാ ചിത്രം അനാച്ഛാ ദനം ചെയ്തു.

# ചാവറപിതാവ്: ചരിത്രനിമിഷങ്ങളും സംഭാവനകളും

1. ജനനം കുട്ടനാടിലെ കൈനകരിയിൽ - 10 2-1805
2. മാമ്മോദിസ ചേന്നൻകരിപള്ളിയിൽ - 18-2-1805
3. പരിശുദ്ധ മാതാവിന് വെച്ചൂർ പള്ളിയിൽ
   അടിമ വെച്ചത് - 8-9-1805
4. കളരി വിദ്യാഭ്യാസം - 1810 -1815
5. പള്ളിപ്പുറം സെമിനാരിയിൽ ചേർന്നത് - 1818
6. വൈദികപട്ടം അർത്തുങ്കൽ പള്ളിയിൽ - 29-1-1829
7. ഭാരതത്തിലെ ആദ്യത്തെ ഏതദ്ദേശിയ
   സന്യാസസഭയുടെ (സി.എം.ഐ.) സ്ഥാപനം - 11-5-1831
8. ഞായറാഴ്ച പ്രസംഗങ്ങളും ഇടവകധ്യാനങ്ങളും
   വൈദികർക്കുള്ള ധ്യാനവും നടപ്പിലാക്കി - 1831
9. സുറിയാനി കത്തോലിക്കരുടെ ആദ്യത്തെ
   പൊതു സെമിനാരി മാന്നാനത്തു സ്ഥാപിച്ചു
   നടത്താൻ സഹായിച്ചു. - 1833
10. കുരിശിന്റെ വഴി എന്ന ഭക്തിക്രമം
   കേരളത്തിൽ മാന്നാനത്തു നിന്നാരംഭിച്ചു - 1838
11. സുറിയാനിക്കാരുടെ മൽപ്പാനും വൈദികരുടെ
   പരീക്ഷകനുമായി നിയമിതനായി - 1844
12. സുറിയാനി കത്തോലിക്കരുടെയിടയിലെ
   ആദ്യത്തെ പ്രസ്സും പ്രസിദ്ധീകരണകേന്ദ്രവും
   മാന്നാനത്തു സ്ഥാപിച്ചു - 1846
13. കത്തോലിക്കാസഭയിൽ ആദ്യത്തെ സംസ്കൃത
   സ്കൂൾ സ്ഥാപിച്ചു - 1846
14. കേരളസഭയിലെ വചനപ്രഘോഷകരായി
   വരാപ്പുഴ ലുദുവിക് മെത്രാൻ ചാവറയച്ചനെയും
   കുട്ടരെയും നിയോഗിക്കുന്നു. - 1849
15. സുറിയാനി കത്തോലിക്കരുടേതായി ആദ്യത്തെ
   വിശ്വാസപരിശീലനകേന്ദ്രം മാന്നാനത്താരംഭിച്ചു - 1853
16. അമലോത്ഭവമാതാവിന്റെ നാമം ആദ്യമായി
   സന്യാസസഭക്ക് നൽകിയത്. - 1855
17. ഇൻഡ്യയിൽ ആദ്യമായി സന്യാസ
   വ്രതാർപ്പണം ചെയ്ത പുരോഹിതൻ - 8- 12 -1855
18. എക്ളോഗുകൾ അഥവാ ഇടയനാടകങ്ങൾ
   എഴുതിയത് കൂനമ്മാവിൽ അവതരിപ്പിച്ചു
   തുടങ്ങിയത് - 1857
19. പുത്തൻപള്ളിയിൽ മഠത്തിനുവേണ്ടി
   ക്രമീകരണങ്ങൾ ചെയ്തു തുടങ്ങി - 1859
20. കേരളസഭയിലെ ആർച്ചുഡീക്കന്മാർക്കു
   ശേഷമുള്ള ആദ്യത്തെ വികാരിജനറൽ. - 8-6-1861
21. കേരളസഭയിലുണ്ടായ റോക്കോസ് ശീശ്മയെ
   നിർവീര്യമാക്കാൻ നേതൃത്വമെടുത്തു - 1861

22.മലയാള ഭാഷയിലെ ആദ്യ ഖണ്ഡകാവ്യം
അനസ്താസ്യായുടെ രക്തസാക്ഷ്യം രചിച്ചു. - 1862
23.ഒരു പള്ളിക്ക് ഒരു പള്ളിക്കൂടം എന്ന ആശയം
വികാരി ജനറൽ ആയിരുന്നപ്പോൾ നടപ്പിലാക്കി. - 1864
24.പരിശുദ്ധ മാതാവിന്റെ മെയ്മാസ വണക്കം
ആദ്യമായി കേരളത്തിൽ മാന്നാനത്താരംഭിച്ചു. - 1865
25.കുർബ്ബാനക്രമം, കാനോന നമസ്ക്കാരം,
കുർബ്ബാന കലണ്ടർ, മരിച്ചവരുടെ ഓർമ്മ
തുടങ്ങിയ ആരാധന ക്രമ നവീകരണത്തിന്
നേതൃത്വമെടുത്തു. - 1862 - 1869
26.കേരളത്തിലെ ആദ്യത്തെ സന്യാസിനിസഭ
(സി.എം.സി) ലയോപ്പോൾദ് മിഷ്യനറിയുടെ
സഹകരണത്തോടെ കൂനമ്മാവിൽ ആരംഭിച്ചു - 13 - 2 - 1866
27.പരിശുദ്ധകുർബ്ബാനയുടെ നാൽപതുമണി
ആരാധന കേരളസഭയിൽ കൂനമ്മാവിൽ
നിന്നാരംഭിച്ചു - 15 - 2 - 1866
28. പെൺകുട്ടികൾക്കുള്ള ആദ്യത്തെ സ്ക്കുളും
ബോർഡിംങ്ങ്ഹൗസും ലയോപ്പോൾദ്
മിഷനറിയുടെ സഹകരണത്തോടെ
കൂനമ്മാവിൽ സ്ഥാപിച്ചു - 2 - 1 - 1868
29.ഒരു നല്ല അപ്പന്റെ ചാവരുൾ എന്ന
കുടുംബ നവീകരണക്രമം നൽകി. - 13 - 2 - 1868
30.കേരളസഭയിലെ ആദ്യ അത്മായസംഘടനയായ
വിശുദ്ധ യൗസേപ്പിതാവിന്റെ നന്മരണസഖ്യം
കൈനകരിയിൽ സ്ഥാപിച്ചു. - 1869
31. അനാഥർക്കും അഗതികൾക്കും,
വൃദ്ധർക്കുമുള്ള ആദ്യ ക്രൈസ്തവ
അഗതിമന്ദിരം കൈനകരിയിൽ സ്ഥാപിച്ചു. - 1869
32.കത്തോലിക്കാസഭയിലേക്കുള്ള യാക്കോബായ
പുനരൈക്യത്തിന് പ്രേരണനൽകികൊണ്ട്
റോമിലേക്ക് എഴുതി - 1869
33.ആശ്രമങ്ങളും മഠവും സ്ഥാപിച്ചത്:
സെന്റ് ജോസഫ്ആശ്രമം,മാന്നാനം - 1831,
സെന്റ് ജോസഫ്ആശ്രമം,കൂനമ്മാവ് - 1857,
സെന്റ് മേരീസ്ആശ്രമം,എൽത്തുരുത്ത് - 1858,
കാർമ്മൽ ആശ്രമം,വാഴക്കുളം - 1859,
സെന്റ് സെബാസ്റ്റ്യൻസ്,പുളിങ്കുന്ന് - 1861
സെന്റ്തെരേസമഠം,കുനമ്മാവ് - 1866,
അമ്മ ത്രേസ്യായുടെ ആശ്രമം, അമ്പഴക്കാട് - 1868,
യോഹന്നാൻ ക്രോസിന്റെ ആശ്രമം, മുത്തോലി - 1870
33.മരണം കൂനമ്മാവ് സെന്റ് ജോസഫ്
ആശ്രമത്തിൽ - 3 - 1 - 1871

34.സംസ്കരിച്ചത് കൂനമ്മാവ് സെന്റ് ഫിലോമിനാസ് പള്ളിയിൽ - 4-1-1871

35.കുനമ്മാവിൽ നിന്നും 'ഭൗതിക ശരിരം മാന്നാനത്തേക്ക് മാറ്റി സ്ഥാപിച്ചു - 24-5-1889

36.നാമകരണനടപടികൾക്കുവേണ്ടി സഭാതലത്തിൽ തിരുമാനം എടുത്തത് - 21-12-1936

37.നാമകരണനടപടികൾ ആരംഭിക്കാൻ റോമിൽ നിന്നുള്ള അനുവാദം - 9-12-1955

38.മാന്നാനത്തു വച്ച്  ദൈവദാസനായി പ്രഖ്യാപിച്ചത് - 3-1-1958

39.റോമിൽ ജോൺ പോൾ രണ്ടാമൻ ധന്യനായി പ്രഖ്യാപിച്ചത് - 7-4-1984

40.ജോൺ പോൾ രണ്ടാമൻ മാർപാപ്പ കോട്ടയത്ത് വച്ച് വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിച്ചു - 8-2-1986

41.സാമൂഹ്യ സേവനങ്ങളെ ആദരിച്ച് ഇൻഡ്യ ഗവണ്മെന്റ് തപാൽസ്റ്റാമ്പ് പുറപ്പെടുവിച്ചു. - 20-12-1987

42.മലയാളസാഹിത്യ സംഭാവനകളെ പരിഗണിച്ച് കേരള ഗവർമ്മേണ്ട്, തൃശൂർ സാഹിത്യഅക്കാദമി ഹാളിൽ അദ്ദേഹത്തിന്റെ ഫോട്ടോ അനാച്ഛാദനം ചെയ്തു - 4-5-2006

43.ഇടയനാടകങ്ങൾ / എക്ളോഗുകൾ കേരള സാഹിത്യഅക്കാദമി പ്രസിദ്ധീകരിച്ചു - 19-10-2014

44.വിശുദ്ധനെന്ന് ഫ്രാൻസീസ് മാർപ്പാപ്പ പ്രഖ്യാപനം ചെയ്തു - 23-11-2014

## ചാവറപിതാവ് : വിശുദ്ധിയിലേക്കുള്ള നാൾവഴികൾ

ചാവറപിതാവിന്റെ മരണവർഷത്തിൽ തന്നെ, അദ്ദേഹത്തിന്റെ ആത്മീയ പിതാവും കൂടിയായിരുന്ന ലെയോപ്പോൾദ് മിഷനറി, ഈ പുണ്യപിതാവിന്റെ പല ഉപയോഗവസ്തുക്കളും തിരുശേഷിപ്പ് എന്നവിധം സൂക്ഷിക്കുവാനായി സഭാംഗങ്ങൾക്ക് വീതിച്ചുകൊടുത്തിരുന്നു. നേരിട്ടുള്ള ജീവിതാനുഭവങ്ങൾ വഴി ചാവറപിതാവിന്റെ ജീവിതവിശുദ്ധിയേക്കുറിച്ച് ബോദ്ധ്യമുണ്ടായിരുന്ന അദ്ദേഹം നാമകരണത്തിനുള്ള നടപടികൾ ആരംഭിക്കുന്നതിനേക്കുറിച്ച് പ്ലാൻചെയ്തു തുടങ്ങിയെങ്കിലും 1876-ആരംഭത്തിൽ അദ്ദേഹം ഇറ്റലിയിലേയ്ക്ക് മടങ്ങിപ്പോയതിനാൽ പ്രവർത്തനം മുന്നോട്ടു കൊണ്ടുപോകാൻ കഴിഞ്ഞില്ല.

തുടർന്ന് കേരള സഭാന്തരീക്ഷത്തിലും പ്രത്യേകമായി സി.എം.ഐ. സഭയുടെ പ്രവർത്തനങ്ങളുടെമേൽ മിഷനറിമാർ വെച്ച നിയന്ത്രണത്താൽ തുടർനടപടികൾ മന്ദഗതിയിലായി. 1936-ൽ ചേർന്ന സി. എം. ഐ. സഭയുടെ പൊതുസംഘം വീണ്ടും നാമകരണ നടപടികൾ ആരംഭിക്കാൻ നിശ്ചയിച്ചു. ഇതിന്റെ ഭാഗമായി ചാവറപിതാവിന്റെ സമ്പൂർണ്ണ ജീവചരിത്രം പ്രസിദ്ധീകരിച്ചതോടെ അദ്ദേഹത്തിന്റെ ജീവിതവിശുദ്ധിയേയും പുണ്യങ്ങളേയും കുറിച്ച് കൂടുതൽ ആളുകൾ അറിയാനിടയായി. കൂടുതൽ മാദ്ധ്യസ്ഥ പ്രാർത്ഥനകളും ആരംഭിച്ചു. ധാരാളം അനുഗ്രഹങ്ങൾ ലഭിച്ചു തുടങ്ങി.

1953-ൽ പൗരസ്ത്യ സഭകളുടെ അദ്ധ്യക്ഷനും കൂടിയായിരുന്ന കാർഡിനൽ യുജിൻ ടിസറാംഗ് നടപടികൾ ആരംഭിക്കുവാൻ അന്നത്തെ പ്രിയോർ ജനറലിനോടാവശ്യപ്പെട്ടു. 1955ൽ റീത്തുകൾക്കായുള്ള തിരുസംഘത്തിന്റെ അനുമതി ലഭിച്ചു. ചാവറപിതാവ് മരിച്ച് അടക്കം ചെയ്യപ്പെട്ട കൂനമ്മാവിനെ കേന്ദ്രികരിച്ചോ, 33 വർഷം താമസിച്ചിരുന്നതും ഭൗതികാവശിഷ്ടം കൂനമ്മാവിൽ നിന്ന് കൊണ്ടുവന്ന് അടക്കം ചെയ്തിരിക്കുന്ന മാന്നാനത്തെ കേന്ദ്രീകരിച്ചോ നാമകരണനടപടികൾ ആരംഭിക്കേണ്ടത് എന്നു റോമിൽ വിലയിരുത്തി. ഇപ്പോൾ ഭൗതികാവശിഷ്ടം സ്ഥിതി ചെയ്യുന്ന മാന്നാനം ഉൾക്കൊള്ളുന്ന ചങ്ങനാശ്ശേരി രൂപതയിൽ എന്നു തീരുമാനമായി. 1957ൽ ചങ്ങനാശ്ശേരി രൂപതാ മെത്രാൻ മാർ മാത്യു കാവുകാട്ട് നടപടികൾക്കാവശ്യമായ ചരിത്രകമ്മീഷനെ നിയോഗിച്ചു. അൻപത്തിഎട്ട് ജനുവരി മൂന്നിന് ദൈവദാസനായി പ്രഖ്യാപിച്ചു. വിവിധ

സ്ഥാപനങ്ങളിൽ നിന്നും അർക്കൈവ്സുകളിൽ നിന്നുമായി 210 രേഖകൾ ചരിത്രകമ്മീഷൻ കണ്ടെത്തി.

1962-ൽ ചാവറപിതാവിന്റെ ജീവിതത്തെയും വിശുദ്ധിയെയും വിലയിരുത്താൻ നിയമിച്ച ട്രിബ്യൂണൽ 501 സെഷനുകളിലൂടെയായി 104 സാക്ഷികളുടെ മൊഴികൾ ശേഖരിച്ചു. 1967-ൽ ട്രിബ്യൂണലിന്റെ പ്രസിഡണ്ടായ ഫാ. ലൂക്കാസ് വിത്തുവട്ടിക്കലിന്റെ നേതൃത്വത്തിലാണ് രേഖകളും നടപടികളും ലത്തീനിലേയ്ക്ക് പരിഭാഷപ്പെടുത്തിയത്. അതിരൂപതാ മെത്രാൻ മാർ ആന്റണി പടിയറ 1971-ൽ ഒപ്പുവെച്ച രേഖകൾ റോമിലെ നാമകരണ നടപടികളുടെ തിരുസംഘത്തിന് സമർപ്പിച്ചു.

1973-ൽ സംഘം രേഖകളുടെ സാധുത ഉറപ്പുവരുത്തി. 1977-ൽ പൊസിസിയോ എന്ന ആധികാരിക പഠനരേഖ തിരുസംഘത്തിനു സമർപ്പിച്ചു. പൊസിസിയോ പരിശോധിച്ച ഒൻപതംഗങ്ങളും ചാവറപിതാവ് ക്രൈസ്തവ പുണ്യങ്ങൾ വീരോചിതമായി അഭ്യസിച്ചിരുന്നതായി, ഏകകണ്ഠമായി പ്രഖ്യാപിച്ചു. ഒൻപത് അംഗങ്ങളും ഏകകണ്ഠമായി അംഗീകാരം നൽകുന്നത് തിരുസംഘത്തിന്റെ ചരിത്രത്തിൽ വളരെ അപൂർവ്വമായ സംഭവമാണ്. 1984 ഏപ്രിൽ 7-ന് പരിശുദ്ധപിതാവ് ജോൺപോൾ രണ്ടാമൻ ചാവറപിതാവിനെ ധന്യനായി പ്രഖ്യാപിച്ചു. 1985-ൽ ചങ്ങനാശ്ശേരി അതിരുപതാദ്ധ്യക്ഷൻ മാർ ആന്റണിപടിയറയുടെ നേതൃത്വത്തിൽ മാന്നാനാത്ത് കല്ലറ തുറന്ന് ചാവറ പിതാവിന്റെ തിരുശേഷിപ്പിന്റെ അവസ്ഥ വിലയിരുത്തി. അതിൽനിന്നും കുറെ ഭാഗം എടുത്ത മാന്നാനത്തും റോമിലും സൂക്ഷത്തിനായി ഏല്പിച്ചു.

ഇതെ തുടർന്ന് ദൈവദാസൻ ചാവറപിതാവിന്റെ മാദ്ധ്യസ്ഥതയിൽ നടന്ന മൂന്നൽഭുതങ്ങൾ സമർപ്പിച്ചു. അതിൽ ഒന്ന് തിരഞ്ഞെടുത്ത് പഠനവിഷയമാക്കുകയും 1985-ൽ ജന്മനാ കാൽപാദങ്ങൾ തിരിഞ്ഞിരുന്ന പെണ്ണാംപറമ്പിൽ ജോസഫ് എന്ന കുട്ടിയുടെ കാൽ ഓപ്പറേഷൻ കൂടാതെ ചാവറപിതാവിനോടുള്ള മാദ്ധ്യസ്ഥ പ്രാർത്ഥനയാൽ പെട്ടെന്ന് നേരെയായത് അത്ഭുതമാണെന്ന് പ്രഖ്യാപിക്കുകയും ചെയ്തു. 1986 ഫെബ്രുവരി 8-ന് കോട്ടയത്ത് വെച്ച് ജോൺപോൾരണ്ടാമൻ മാർപ്പാപ്പ ചാവറപിതാവിനെ വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിച്ചു. ചാവറപിതാവിനെ വിശുദ്ധനായി പ്രഖ്യാപിക്കുന്നതിനുള്ള പഠനങ്ങളുടെ അവസാനം അദ്ദേഹത്തെ വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിക്കുവാൻ നാമനിർദ്ദേശം ചെയ്ത വിശുദ്ധരേക്കുറിച്ചുള്ള നടപടികളുടെ തിരുസംഘത്തിന്റെ തലവൻ, കർദ്ദിനാൾ പീറ്റർ പലസ്സിനി നൽകിയ സന്ദേശത്തിൽ ഇപ്രകാരം പറഞ്ഞു: "ജീവിതകാലം

മുഴുവൻ അനുതാപചിന്തയാൽ ഉരുകിയിരുന്ന ചാവറയച്ചൻ, മാമ്മോദിസായിൽ സ്വീകരിച്ച ദൈവ വരപ്രസാദം നഷ്ടപ്പെടുത്താതെ കാത്തുസൂക്ഷിച്ചു എന്നുപറഞ്ഞുകൊണ്ടാണ് മരണത്തെ അഭിമുഖീകരിച്ചത്. പാപബോധമില്ലാത്ത ആധുനിക ലോകത്തിന് അദ്ദേഹം ഒരു ചോദ്യചിഹ്നമാണ്."

ചാവറപിതാവിനെ വിശുദ്ധനായി പ്രഖ്യാപിക്കുവാൻ അദ്ദേഹത്തിലൂടെ നടന്ന ഒരത്ഭുതം കൂടി തെളിയിക്കണമായിരുന്നു. പാലാ കത്തീഡ്രൽപള്ളി ഇടവക കൊട്ടാരത്തിൽ ജോസ്, മേരി മകൾ മരിയായുടെ ജന്മനാ ഉണ്ടായിരുന്ന രണ്ടു കോങ്കണ്ണുകളും മറ്റു ചികിത്സകളൊന്നും കൂടാതെ ചാവറപിതാവിനോടുള്ള മാദ്ധ്യസ്ഥപ്രാർത്ഥനയാൽ അത്ഭുതകരമായി സുഖപ്പെട്ടതോടെ നാമകരണനടപടികൾ പൂർത്തിയാക്കുന്നതിനുള്ള തെളിവുകൾ ലഭിച്ചു. 2009 മെയ് മുതൽ നടത്തിയ പഠനങ്ങളുടെ വെളിച്ചത്തിൽ റോമിൽ 6 മെഡിക്കൽ ഡോക്ടർമാർ അത്ഭുതം ശാസ്ത്രത്തിനതീതമാണെന്ന് ഏകകണ്ഠമായി സ്ഥിരികരിച്ചു. 2014 ഏപ്രിൽ 3-നു ഫ്രാൻസീസ് മാർപ്പാപ്പ ഈ അത്ഭുതം ഔദ്യോഗികമായി അംഗീകരിച്ചു. 2014 നവംബർ 23-ന് ചാവറപിതാവിനെ വിശുദ്ധനായി പ്രഖ്യാപിച്ചു.